**4. ധാർമ്മികമായ വിധേയത്വം:**

എന്നെയും എന്റെ നാമത്തേയും കുറിച്ചു നാണിച്ചാൽ അവരെക്കുറിച്ച് ഞാനും നാണിക്കും എന്നു കർത്താവ് പറയുന്നു. ബന്ധങ്ങളുടെ വിച്ഛേദമാണ് നാണിക്കാനുള്ള കാരണം. വ്യഭിചാരവും പാപവുമുള്ള തലമുറയാണ് കർത്താവിന്റെ വചനത്തെക്കുറിച്ച് നാണിക്കുന്നുത്. നാണിക്കുന്നത് വചനത്തിന്റെ ഉള്ളടക്കത്തെക്കുറിച്ചും, പശ്ചാത്തലത്തെക്കുറിച്ചുമാണ്. ഉള്ളടക്കം സുവിശേഷമാണ്, വചനമാണ് അത് യേശു ക്രിസ്തുതന്നെയാണ്. കർത്താവ് ഒരിക്കലും നമ്മെക്കുറിച്ച് നാണിച്ചില്ല. നഗ്നനായി ക്രൂശിൽ തറയ്ക്കപ്പെട്ടപ്പോൾപോലും എന്നാൽ നാം അവനെക്കുറിച്ചു നാണിക്കുമോ?

# അക്രമ അതിജീവനം ദൈവിക ദർശനത്തോടും ആർദ്രതയോടും

## സങ്കീർത്തനം 121

### റൈറ്റ്. റവ. ഡോ. ഗീവറുഗീസ് മാർ തിയോഡോഷ്യസ്

**വേ**ദപുസ്തകത്തിലെ അതിമനോഹരമായ ഗീതങ്ങളാണ് സങ്കീർത്തനങ്ങൾ. 121-ാം സങ്കീർത്തനം വളരെ ഹൃദ്യമായ ഒന്നാണ്. നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ട് യഹോവ നമ്മുടെ പരിപാലകനെന്ന് ആധികാരികമായി ഈ സങ്കീർത്തനത്തിൽ പറയുന്നു. ദൈവം സങ്കീർത്തനക്കാരനോട് സംസാരിക്കുന്നു സങ്കീർത്തനക്കാരൻ അതിലൂടെ ലോകത്തോട് സംസാരിക്കുന്നു. 121-ാം സങ്കീർത്തനത്തിൽ ഞാൻ എന്റെ കണ്ണു പർവ്വതത്തിലേക്ക് ഉയർത്തുന്നുവെന്നു പറഞ്ഞുകൊണ്ടു ആരംഭിക്കുന്നു. എന്നാൽ 3-ാം വാക്യത്തിൽ വരുമ്പോൾ യഹോവ നിന്റെ പരിപാലകൻ എന്ന തലത്തിലേക്ക് ഉയരുന്നു. അതായത് എന്റെ ദൈവം നിന്റെ പരിപാലകനാണ് എന്ന് സങ്കീർത്തനക്കാരൻ പറയുന്നു നൂറ്റാണ്ടുകൾക്കു മുൻപ് എഴുതപ്പെട്ട സങ്കീർത്തനം തലമുറകളിലൂടെ ഇന്നും നിലനിൽക്കുന്നു. യഹോവ എന്റെ പരിപാലകനെന്ന് വരും തലമുറകളും ഈ സങ്കീർത്തനത്തിലൂടെ പറയും.

ഇതൊരു ആരോഹണ ഗീതമാണ് യെരുശലേമിലേക്കുള്ള തീർത്ഥയാത്രയിൽ സമൂഹം ഒരുമിച്ചുപോരുന്നതായുള്ള തീർത്ഥയാത്രയാണിത്. ലൂക്കോസ് 18,19 അദ്ധ്യായങ്ങളിൽ യേശു യെരിഹോമിലൂടെ യെരുശലേമിലേക്ക് ഒരു യാത്ര നടത്തുന്നതായി വിവരിച്ചിരിക്കുന്നു. യേശു ഈ യാത്രയിൽ വഴിയിൽ ഇരിക്കുന്നവരെ ശ്രദ്ധിക്കുന്നു, ജനത്തെ ഉപദേശിക്കുന്നു. മലകൾ, താഴ്വരകൾ, മരുഭൂമികൾ ഇവയിലൂടെ മുൻപോട്ട് പോരുന്നതായ തീർത്ഥയാത്ര. യാത്രികന്റെ ആഗ്രഹം ദൈവത്തെ കണ്ടുമുട്ടുക, സജീവമായ ബന്ധം പുലർത്തുക, ജീവിതത്തെ അർത്ഥമുള്ളതായി തീർക്കുക, വും ബ്രാണ്ട് ഇങ്ങനെ പറയുന്നു "ദൈവ ജനമായ യിസ്രായേൽ തങ്ങളുടെ ദൈവമായ യഹോവ ചരിത്രത്തിൽ ചെയ്ത പ്രവർത്തനങ്ങളെ അയവിറക്കുക മാത്രമല്ല അതിനെ സങ്കീർത്തനങ്ങളായി ചരിത്രത്തിനു നല്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു". ക്രിസ്തുവിലൂടെ ദൈവം ചരിത്രത്തിൽ വെളിപ്പെട്ടു അതിനാൽ ക്രിസ്തുവിനെക്കൂടാതെ ലോകസംഭവങ്ങളെ കാണുവാൻ ശ്രമിക്കരുത്. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുവാൻ എന്നെയും ഞാൻ വസിക്കുന്ന ലോകത്തെയും സജ്ജരാക്കുന്നതിനുള്ള ദൗത്യം എന്നെ ഏല്പിച്ചിരിക്കുന്നു എന്ന ബോദ്ധ്യമുണ്ടായിരുന്നു.

121-ാം സങ്കീർത്തനം ഞാൻ ദൈവത്തിലേക്കു കണ്ണുകൾ ഉയർത്തുമ്പോൾ ദൈവം എന്നിലേക്ക് നോക്കുന്ന കാഴ്ച എനിക്ക് കാണുവാൻ കഴിയും. നമ്മുടെ കണ്ണുകളിലൂടെ കാണുക മാത്രമല്ല കണ്ണിലൂടെ കാഴ്ച ലഭിക്കുകയും ചെയ്യുന്നു. ലൂക്കൊസ് 18:35-43 യേശു കുരുടനു കാഴ്ച നല്കുന്നു. ഭിക്ഷക്കായി ഇരുന്ന കുരുടൻ യേശുവിനെ നോക്കുന്നു യേശു അവനെ കാണുകയും വിളിക്കുകയും കാഴ്ച നല്കുകയും ചെയ്യുന്നു. ദൈവമക്കൾ നിരന്തരം ദൈവത്തെ കാണുകയും കാഴ്ച പ്രാപിക്കുകയും ചെയ്യണം. ഇത് ജീവിത അനുഭവമാക്കുമ്പോൾ ജീവിതത്തിൽ വ്യത്യസ്തത ഉണ്ടാക്കുന്നു, ഈ വ്യത്യസ്ത ലോകത്തിനു നമുക്കുള്ള സന്ദേശമാകുന്നു. ലോകം ലോകത്തിന്റെ വഴിയിലൂടെ നടക്കുമ്പോൾ ദൈവദർശനം ഉൾക്കൊണ്ട് ലോകത്തിന്റെ പ്രശ്നം മനസ്സിലാക്കുകയും ദൈവശബ്ദം ലോകത്തോടു പറയുകയും ചെയ്യണം.

### യഹോവ നിന്റെ പ്രാണനെ പരിപാലിക്കും

ഈ ലോകത്തിന്റെ യാഥാർത്ഥ്യങ്ങൾ എന്തെല്ലാം? W.C.C. ഈ ദശകത്തെ വിശേഷിപ്പിച്ചിരിക്കുന്നത് ഇപ്രകാരമാണ് "അക്രമ അതിജീവന ദശകം" അക്രമം പെരുകിവരുന്നു അതിജീവനം സാദ്ധ്യമോ? അക്രമം അറിഞ്ഞിട്ടും അലസ്യത്തോടെ ജീവിക്കുന്ന കാലം തീർത്ഥയാത്രയിൽ അക്രമത്തിൽപ്പെട്ട് തകർക്കരുത് എന്ന് ആഗ്രഹിക്കുന്ന യാത്രികൻ യഹോവയെ നോക്കുന്നു. യഹോവ നിന്റെ പരിപാലകൻ...... സങ്കീർത്തനക്കാരൻ ദൈവത്തെ കാണുന്നു കാഴ്ച പ്രാപിക്കുന്നു അത് ലോകത്തിനു നല്കുവാൻ പരിശ്രമിക്കുന്നു. അതിജീവനം സാദ്ധ്യമെന്ന് സങ്കീർത്തനക്കാരൻ ഉറപ്പ് നല്കുന്നു. പ്രത്യാശയുടെ ഒരു ഗോപുരം ഉയർത്തുകയാണ് സങ്കീർത്തനക്കാരൻ

> ***"ദൈവ ജനമായ യിസ്രായേൽ തങ്ങളുടെ ദൈവമായ യഹോമ ചരിത്രത്തിൽ ചെയ്ത പ്രവർത്തനങ്ങളെ അയവിറക്കുക മാത്രമല്ല അതിനെ സങ്കീർത്തനങ്ങളായി ചരിത്രത്തിനു നല്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു".***

### യഹോവിങ്കലേക്കു നോക്കുമ്പോൾ

**a. ഉൾക്കാഴ്ച ലഭിക്കുന്നു (INSIGHT)**

അപ്പൊ: പ്രവ 3:1 മുതലുള്ള വാക്യങ്ങളിൽ സുന്ദരം എന്ന ദേവാലയ ഗോപുരത്തിൽ ചെന്നതായ പത്രൊസും, യോഹന്നാനും, ഭിക്ഷയാചിക്കുന്ന മുടന്തനോട് "ഞങ്ങളെ നോക്കുക എന്നു പറഞ്ഞു" എന്തിനാണ് നോക്കുവാൻ പറഞ്ഞത്? എനിക്കുള്ള നസറയനായ യേശുവിനെ നിനക്കു നല്കുവാൻ. ബാഹ്യനയനങ്ങൾക്കും, ബുദ്ധിക്കും അപ്പുറമായ ദിവ്യ സന്ദേശം നമുക്ക് ഇന്നും നല്കിക്കൊണ്ടിരിക്കുന്നു. ജീവിത പ്രശ്നങ്ങൾ അക്രമണം പെരുക്കുന്നതിനു ഇടയാകുന്നു. പ്രശ്നങ്ങളെക്കാൾ പ്രശ്നപരിഹാരത്തെ കാണുവാൻ കഴിയും.

**b. ദൂരക്കാഴ്ച (Far Sight)**

ലൂക്കൊസ് 15:20 ദൂരത്തുനിന്ന് തന്നെ അപ്പൻ അവനെകണ്ട് വയോധികനായ മനുഷ്യൻ ദൂരെ നിന്ന് മകനെ കാണുന്നു. ആ ദർശനം ദൈവത്തിന്റെ ദർശനത്തെ കുറിക്കുന്നു. നാം പാപികളായി ഇരിക്കുമ്പോൾ തന്നെ സ്വപുത്രനെ നൽകുന്ന ദൈവസ്നേഹമാണ് ഇവിടെ വെളിപ്പെടുത്തുന്നത്. 1 രാജാ 19: ചൂരൽ ചെടിയുടെ മറവിൽ ഇരിക്കുന്ന ഏലിയാപ്രവാചകനെ ദൈവം ശക്തീകരിച്ചു. നീ മടങ്ങിപോകണമെന്ന് ആഹ്വാനം ചെയ്യുന്നു. മരിപ്പാനായവനെ ജീവിപ്പിക്കുന്നതാണ് ദൈവസ്നേഹം. വിശ്വാസി ഒറ്റപ്പെട്ടവനല്ല ഒറ്റപ്പെട്ടെന്നു തോന്നിയാൽപോലും. ജീവിതത്തിന്റെ അദ്ധ്വാനഭാരത്തിങ്കൽ യഹോവയിങ്കലേക്ക് കണ്ണുകളെ ഉയർത്തണം. ദൈവത്തിങ്കലേക്ക് ജീവിതത്തെ തിരിക്കണം. ഇല്ലാത്തവർക്ക് കൂട്ടായ്മ നല്കുകയും സഹജീവികളെ മനസ്സിലാക്കുന്നതുമാണ് രൂപാന്തരം.

**c. ദർശനം (Fore Sight)**

1 ശമു 3 അദ്ധ്യാ. ദർശനം ഇല്ലാതിരുന്ന കാലഘട്ടത്തിൽ ശമുവേൽ ബാലനു ദർശനം ലഭിക്കുന്നു. ദൈവത്തിൽനിന്നു അകന്നജീവിച്ച തലമുറയ്ക്ക് ഒരു ബാലനിലൂടെ നവദർശനം ലഭിക്കുന്നു. ലൂക്കൊ. 16:19 മുതലുള്ള വാക്യങ്ങളിൽ ദർശനം ഇല്ലാതെപോയ ധനവാന്റെ കഥയാണ് പറയുന്നത്. അഭിമുഖീകരിക്കുന്ന പ്രതിസന്ധികളെ തിരിച്ചറിഞ്ഞ് ദൈവാഭിമുഖമായി നിന്ന് പ്രതികരിക്കുന്നതിനുള്ള ദർശനം ഇന്നുണ്ടാവണം.

വിശ്വാസത്തിന്റെ പക്വതയുള്ളവരായി ജീവിക്കുവാൻ ദൈവം നമ്മെ വിളിക്കുന്നു. ദൈവത്തിന്റെ ദർശനം ആധികാരികതയിലൂടെയാണ്. നമ്മുടെ കണ്ണുകൾ സഹായം തരുന്ന പർവ്വതത്തിലേക്ക് ഉയർത്തി ദർശനബോധത്തോടെ ജീവിക്കണം.

# “ഇതാ....ആ മനുഷ്യൻ...”

യോഹ 19:1–5

## അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ

യൗവന കാലം വീരാരാധനയുടെ കാലമാണ് അനുകരണം ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. ഇന്നത്തെ യുവജനങ്ങളുടെ ആരാധകർ ആരാണ്? മനുഷ്യൻ സൃഷ്ടിയുടെ മകുടമാണോ. രക്ഷാ ചരിത്രത്തിന്റെ വർണ്ണനയാണ് സൃഷ്ടിയിൽ നാം കാണുന്നത്. മതം മനുഷ്യനെ വിലയുള്ളതായി കാണുന്നത്. വിശ്വാസം മനുഷ്യനെ കുപ്പയിൽ നിന്ന് ഉയർത്തുന്നു. ദൈവസ്നേഹം മനുഷ്യനു വ്യക്തിത്വം നല്കുന്നു.

വിവിധ മോഡലുകളുടെ ഈ കാലഘട്ടത്തിൽ മനുഷ്യായുസ്സ് എങ്ങനെ മധുരമാക്കുവാൻ സാധിക്കും. പീലാത്തോസ് മനുഷ്യത്വത്തിന്റെ പൂർണ്ണതയെ ചൂണ്ടികൊണ്ടു പറയുകയാണ് “ആ മനുഷ്യൻ ഇതാ”.

ഇന്നു മനുഷ്യനെ വസ്തുവായി കാണുന്നു. വസ്തുക്കളെപ്പോലെ മനുഷ്യന്റെ വിലയും ഇടിയുന്നു. ദൈവമാക്കുവാൻ ശ്രമിച്ച മനുഷ്യനെ നേടുവാൻ ദൈവം മനുഷ്യനായി. ജീവന്റെ ഫലം ആഗ്രഹിച്ച മനുഷ്യനെ നേടാൻ ദൈവം മരണം തെരഞ്ഞെടുത്തു. യേശുവിന്റെ ദിവ്യസ്നേഹത്തിന്റെ മൂർത്തിഭാവമാണ് ക്രൂശ്. ദുഃഖിക്കുന്നവനെ കരുതുവാൻ നന്മപ്രദാനം ചെയ്യുന്നതാണ് ക്രൂശ്. ഇതാണ് ക്രിസ്തു ചരിതത്തിന്റെ മർമ്മം. മനുഷ്യത്വത്തിന്റെ പ്രകടനങ്ങളിലൂടെയാണ് നാം ദൈവത്തെയും ദൈവിക സത്യങ്ങളെയും ഗ്രഹിക്കുന്നത്. യേശുവിന്റെ ദിവ്യസ്നേഹത്തിന്റെ പാരമ്യം നാം മനസ്സിലാക്കുന്നത് ക്രിസ്തുവിന്റെ ആർദ്രതയിലൂടെയാണ്. മനുഷ്യനായ ദൈവത്തിന്റെ മഹനീയ മാതൃക മറ്റുള്ളവന്റെ വേദനയിൽ സ്വയം അലിഞ്ഞ് ഇല്ലാതെയായി തീരുകയാണ്. യേശുവിന്റെ ജീവിതകാലം മുഴുവൻ ഈ ആർദ്രതയുടെ പ്രഭാവം കാണുവാൻ കഴിയും. മനുഷ്യന്റെ നിസ്സഹായവസ്ഥയുടെ മുൻപിലാണ് യേശു പ്രത്യക്ഷപ്പെടുന്നത്. യേശുവിന്റെ ആർദ്രത അത്ഭുതങ്ങളായി മാറി. ആർദ്രതയെക്കുറിച്ചു പ്രസംഗിക്കുക മാത്രമല്ല പ്രവർത്തി പദത്തിൽ കാണിക്കുവാൻ സാധിക്കണം.

ആർദ്രതയ്ക്ക് അതിരുകളില്ല സ്നേഹം വറ്റാത്ത തോടുപോലെ ഒഴുക്കേണ്ടതാണ്. മനുഷ്യബന്ധങ്ങളിലൂടെയാണ് ദൈവസ്നേഹത്തിന്റെ പാരമ്യം വെളിപ്പെടുത്തിയിരിക്കുന്നത്. ദൈവസ്നേഹത്തിൽ പ്രചോദനമായ ഏതു പ്രവർത്തനത്തെയും നാം ഉൾക്കൊള്ളണം, അംഗീകരിക്കണം.

### ആത്മീയതയുടെ മർത്യഭാവം

ആത്മീയത മർത്യഭാവം ധരിച്ചെങ്കിൽ മാത്രമേ ദൈവത്തെ ദർശിക്കുവാൻ കഴിയുകയുള്ളൂ. ദൈവത്തോടുള്ള സമത്വം മുറുകെ പിടിക്കാതെ വേഷത്തിൽ മനുഷ്യനായി യേശു വിളങ്ങി (ഫിലി 2:6). കാലസമ്പൂർണതയിൽ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്നു ജനിച്ചവനാക്കി (ഗലാ 4:4) ഇന്നു മനുഷ്യന് ദൈവമാകാനാണ് താൽപര്യം. മനുഷ്യൻ മനുഷ്യനിൽ നിന്നു അകലുന്നു. പദങ്ങൾ സ്വാർത്ഥതക്കായി ഉപയോഗിക്കുന്നു. ആത്മീയതയുടെ പേരിൽ മനുഷ്യൻ സാമൂഹികബന്ധം ത്യജിക്കുന്നു. അതു ശരിയല്ല അതു പാപമാണ്. യേശുവിൽ വിളങ്ങിയ മനുഷ്യത്വത്തിന്റെ വെളിപ്പാടു മനസ്സിലാക്കുന്നതാണ് ദൈവികവും ആത്മീയവും. ബന്ധങ്ങളിലാണ് വിശ്വാസത്തിന്റെ പക്വത ദർശിക്കുന്നത്.

### പിതാവിന്റെ ഹിതം അറിഞ്ഞു പ്രവൃത്തിക്കുന്ന യേശു

ദൈവസൃഷ്ടിയുടെ മർമ്മം തിരിച്ചറിയുന്നതാണ് വകതിരിവ് എന്നു പറയുന്നത്. യേശു ദൈവത്തിന്റെ ഹിതം അറിഞ്ഞു പ്രവർത്തിക്കുന്നതിലും ശ്രദ്ധാലുവായിരുന്നു. “ഞാൻ എന്റെ പിതാവിന്റെ ഭവനത്തിൽ ഇരിക്കേണ്ടത് അല്ലയോ”, “എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്യുന്നത് എന്റെ ആഹാരം” എന്നീ പ്രസ്താവനകൾ യേശുവിന്റെ വിധേയത്വത്തെ എടുത്തു കാണിക്കുന്നതാണ്.

യേശുവിന്റെ ജഡധാരണത്തിലൂടെയാണ് ലോകം ദൈവസ്നേഹം മനസ്സിലാക്കുന്നത്. പിതാവിനെ അറിയിക്കുകയും, പിതാവിന്റെ ഹിതത്തിനു പരിപൂർണ്ണമായി വിധേയപ്പെടുകയും ചെയ്ത മനുഷ്യനാണ് യേശു. യേശുവിന്റെ സ്നാപന സമയത്തു പാപമുള്ള ലോകത്തോടുള്ള ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നത്. തന്നെക്കുറിച്ചുള്ള ദൈവികപദ്ധതിക്ക് പൂർണ്ണമായ വിധേയത്വം യേശു നല്കുന്നു.

മൂന്നു തരത്തിലുള്ള മക്കളെ കാണുവാൻ സാധിക്കും. അനുസരിക്കുന്നവർ, അനുസരണംകെട്ടവർ, പിതാവിന്റെ മനസ്സറിഞ്ഞു പ്രവർത്തിക്കുന്നവർ. യേശു പിതാവിന്റെ മനസ്സ് അറിഞ്ഞു പ്രവർത്തിച്ച വ്യക്തിയാണ്. “അവനെ തകർത്തുകളയുവാൻ പിതാവിനു ഹിതമായി” എന്ന യെശയ്യ പ്രവാചകൻ പറയുന്നു. നീതിമാനായ ദൈവത്തിന് പാപപങ്കിലമായ ലോകത്തോട് ഇഴുകി ചേരുമ്പോൾ ഉള്ള വേദന ഗതശമനയിൽ ദർശിക്കാം. അവിടെയും പിതാവായ ദൈവത്തിന് സ്വയം വിധേയപ്പെടുന്നു.

പാപത്തിനു പരിഹാരമായ ഈ ദൈവിക ബലി എന്റെ പാപത്തിനുവേണ്ടിയെന്ന് വിശ്വസിക്കുകയും ഏറ്റു പറയുകയും ചെയ്യുന്നവൻ പാപത്തിൽ നിന്നു വിമുക്തനാകുന്നു ഇതാണ് സുവിശേഷം. സ്വകാര്യലാഭത്തിനു വേണ്ടിയല്ലാതെ ദൈവഹിതത്തിനു മാത്രം വിധേയപ്പെടുന്ന സുവിശേഷകരെയാണ് ഇന്ന് ആവശ്യം. ഒരു വിശ്വാസി സ്വർഗ്ഗം പോലും ആഗ്രഹിക്കരുത് അത് ദൈവിക ദാനമാണ്.

ലോകത്തിന്റെ തകർച്ചയിലും വേദനയിലുമുള്ള പങ്കുചേരലാണ് സുവിശേഷീകരണം നമുക്ക് അപ്രകാരം പങ്കു ചേരുവാൻ സാധിക്കണം. ദൈവഹിതത്തിനു വിധേയപ്പെട്ടു പ്രവർത്തിക്കുവാൻ നവീകരണ സഭയിൽ ഇന്നാളില്ല. വചനത്തിലൂടെ ദൈവഹിതം തിരിച്ചറിയുവാൻ നമുക്കു കഴിയണം. ദൈവവചന ധ്യാനത്തിൽ മാതാപിതാക്കൾ മാതൃകയുള്ളവരായിരിക്കണം. മരണത്തെ അഭിമുഖീകരിക്കുമ്പോഴും പിശാചിന്റെ പ്രലോഭനങ്ങളെ അഭിമുഖീകരിക്കുമ്പോഴും ദൈവ വചനമാണ് യേശുവിനെ ശക്തീകരിക്കുന്നത്.

എല്ലാ തിന്മയിൽ നിന്നും നന്മ പുറപ്പെടുവിക്കുവാൻ ദൈവത്തിനു കഴിയും അതുകൊണ്ടാണ് പീലാത്തോസിലൂടെ പിതാവായ ദൈവം യേശുക്രിസ്തുവിനെക്കുറിച്ചുള്ള വലിയ സത്യം ലോകത്തെ വിളിച്ചറിയിക്കുന്നത്. ആരാണ് യേശു എന്ന ചോദ്യം എക്കാലവും ഉയർന്നുകൊണ്ടിരിക്കും. എന്നാൽ സഭയുടെ പ്രഖ്യാപനം യേശു പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമാണെന്നുള്ളതാണ്. പൂർണ്ണ മനുഷ്യനായ യേശുവിന്റെ മുൻപിൽ നിൽക്കുമ്പോഴാണ് നമ്മുടെ അപൂർണ്ണത മനസ്സിലാക്കുന്നത് അതാണ് ആരാധന.

സൃഷ്ടിതാവിന്റെ ഹിതമെന്തെന്ന് നാം തിരിച്ചറിയണം. ജീവിതം അതിനുള്ള പരീക്ഷണമായിരിക്കണം. മനുഷ്യൻ ആരായിരിക്കണമെന്ന് യേശു പഠിപ്പിച്ചു. മനുഷ്യപുത്രൻ എന്ന പേരും സ്വീകരിച്ചു. മതത്തെയും ദൈവത്തെയും ലഘുവായി ചിന്തിക്കുവാൻ പഠിപ്പിച്ചു. മനുഷ്യത്വത്തിന്റെ പൂർണ്ണത ക്രിസ്തുവിൽ ദർശിക്കാം. പിതാവായ ദൈവം ക്രിസ്തുവിനെ ഉയർപ്പിച്ചതുപോലെ നമ്മെയും തന്റെ ശക്തിയാൽ ഉയർപ്പിക്കും (1 കൊരി 6:14). ഇതാണ് നമ്മുടെ ക്രിസ്തീയ പ്രത്യാശയ്ക്കു ആധാരം മരിക്കാൻ ഭയമില്ലാതെയിരിക്കുവാൻ വേണ്ടി യേശു മരണമായിതീർന്നു സുവിശേഷം മനുഷ്യനാക്കുവാൻ നമ്മെ വെല്ലുവിളിക്കുന്നു. ലോകത്തിനുള്ള മാതൃകയായവൻ ഇതാ നമ്മുടെ മുൻപിൽ. പിലാത്തോസ് പറയുന്നു. “ഇതാ ആ മനുഷ്യൻ”



# മാനസാന്തരത്തിലൂടെ പുതുജീവൻ നേടുക

## വി. ലൂക്കോസ് 3:7–14


## അഭിവന്ദ്യ ഐസക് മാർ പീലക്സിനോസ് എപ്പിസ്കോപ്പാ


**ലോ**കത്തിന്റെ ദുഃസ്ഥിതി ഇന്ന് ചർച്ചാ വിഷയമാണ്. അക്രമവും അനീതിയും പെരുകുന്നു. ഇത് ഇന്നിന്റെ പ്രശ്നമല്ല. മനുഷ്യന്റെ സൃഷ്ടി മുതൽ അത് നിലനിൽക്കുന്നു. അതുകൊണ്ടാണ് ന്യായപ്രമാണവും പ്രവാചകന്മാരും അന്ത്യത്തിൽ ദൈവപുത്രനും അവതരിക്കപ്പെട്ടത്. ലോകം ദുഃസ്ഥിതിയിൽ ആയിരുന്നാലും അതിൽ നിന്ന് വേർപെട്ട ഒരു വിശ്വാസ സമൂഹത്തെ എല്ലാ കാലഘട്ടത്തിലും കാണുവാൻ സാധിക്കും ഒരു ശേഷിപ്പ് എന്ന നിലയിൽ സമൂഹത്തിൽ വ്യതിയാനം വരുത്തുന്ന ആളുകൾ ധാരാളം വേദപുസ്തകത്തിൽ ഉണ്ട്. ഈ ശേഷിപ്പ് ഇല്ലാത്ത സാഹചര്യങ്ങളിൽ ദേശം നാശത്തിലേക്ക് പോകുന്നു. ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ ഒരു ചെറിയ സമൂഹമായി നിന്ന് ദേശത്ത് മാറ്റം വരുത്തുന്ന വ്യക്തികൾ ഉണ്ട്. എന്നാൽ ലോത്ത് ഇരുപതു വർഷം സോദോമിൽ പാർത്തിട്ടും യാതൊരു മാറ്റവും സമൂഹത്തിൽ ഉണ്ടായില്ല. മേൽപ്പറഞ്ഞ വേദഭാഗത്ത് സ്നാപക യോഹന്നാനെ വരച്ചുകാട്ടുന്നു. യോഹന്നാനിൽ വലിയ ഒരു ദൗത്യം ഉണ്ടായിരുന്നു. പ്രവാചകൻ എന്ന നിലയിൽ ക്രിസ്തുവിന് വഴി ഒരുക്കുന്നതിനുള്ള ശുശ്രൂഷ ജനനം മുതൽ തന്നെ ദൈവത്താൽ വേർതിരിക്കപ്പെട്ടവൻ എസേനിയ സമൂഹത്തിൽ അംഗമായിരുന്നു യോഹന്നാൻ ഭക്തിയും നിർമ്മലതയും ഹൃദയ വിശുദ്ധിയും കാത്തു സൂക്ഷിക്കാൻ ശ്രമിച്ച സമൂഹമായിരുന്നു ഇത്.

യോഹന്നാൻ സ്നാനം നൽകുന്നു. സ്നാനം ഏല്ക്കാൻ ജനം തടിച്ചുകൂടി. സ്നാനം എല്ക്കുന്നതിനായുള്ള ആവശ്യബോധം അവരിൽ ഉടലെടുത്തു. ആ കൂട്ടത്തിൽ പരിശരും സദൂക്യരും ഉണ്ടായിരുന്നു. അവരെ സർപ്പ സന്തതികളെ എന്ന് യോഹന്നാൻ സംബോധന ചെയ്യുന്നു. (മത്തായി 3:7) അവരോടു മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്പീൻ എന്ന് പ്രഘോഷിക്കുന്നു. മാനസാന്തരം ആവശ്യമാണ്. ഫലവും ആവശ്യമാണ്. നീതിനിഷ്ടയുള്ള സമൂഹത്തിന്റെ നിലനിൽപ്പിന് ഇത് രണ്ടും ആവശ്യമാണ്.

### എന്താണ് മാനസാന്തരം

ദൈവത്തിങ്കലേക്ക് തിരിഞ്ഞ് ദൈവത്തെ അറിഞ്ഞ് ദൈവത്തെ മനസ്സിലാക്കുന്നതാണ് മാനസാന്തരം. ദൈവഹിതത്തിനു വിപരീതമായതൊന്നിനെയും നിഷേധാത്മകമായി പ്രതികരിക്കുന്നതിന് മാനസാന്തരത്തിന്റെ അംശമുണ്ട്. ആത്മശക്തി അനുസരിച്ച് ഇത് എല്ലായ്പ്പോഴും സാധ്യമായിത്തീരണം.

### മാനസാന്തരത്തിന് എന്ത് ചെയ്യണം

**1. പശ്ചാത്താപത്തോടുകൂടി ദൈവസന്നിധിയിൽ ചെല്ലുക**

ഭവനത്തിൽ നിന്ന് അന്യപ്പെട്ട മകൻ തിരിച്ച് വരുന്നതുപോലെ പിതാവിന്റെ സന്നിധിയിലേക്ക് തിരിച്ചു വരിക. അനുതാപത്തോടെ പശ്ചാത്താപത്തോടെ അടുത്തുവരിക. എല്ലാവരും പാപം ചെയ്ത് ദൈവ തേജസ് നഷ്ടപ്പെടുത്തിയിരിക്കുന്നു. ആ അവസ്ഥയിൽ നിന്ന് പുതിയ മനുഷ്യനായി രൂപാന്തരപ്പെടണം. അതിന് പശ്ചാത്താപം ആവശ്യമാണ്.

**2. സ്വയത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിക്കുക**

സ്വാർത്ഥത നിറഞ്ഞതായ ലോകം. സ്വാർത്ഥത ഇല്ലാതാക്കുന്ന അവസ്ഥയാണ് യേശുവിൽ. ഇന്ന് എല്ലാ മേഖലയിലും മാത്സര്യം ആണ്. ഇതിൽ നിന്ന് ഒരു രൂപാന്തരം ആവശ്യമാണ്. യഹൂദ ജനതയ്ക്ക് ഒരു ദുഃരഭിമാനം ഉണ്ടായിരുന്നു. അബ്രഹാം അവർക്ക് പിതാവായിട്ടുണ്ട് എന്നുള്ളത്. ദുരഭിമാനം രൂപാന്തരത്തിനു തടസ്സം ആണ്. യോഹന്നാൻ 8:31 മുതലുള്ള ഭാഗത്ത് ഈ വാദഗതി കാണാം. തങ്ങൾ ആർക്കും അടിമകൾ ആയിട്ടില്ല എന്ന് അവർ പറയുമ്പോൾ നിങ്ങൾ പാപത്തിനു അടിമകൾ എന്ന് യേശു പറയുന്നു. അബ്രഹാമിന്റെ മക്കൾ എങ്കിൽ അബ്രഹാമിന്റെ പ്രവൃത്തി ചെയ്യുമായിരുന്നു എന്ന് യേശു പറയുന്നു. സ്നാപക യോഹന്നാന്റെ അടുക്കൽ സ്നാനത്തിനായി വന്ന ജനം പുതിയ സമൂഹമാകാൻ താല്പര്യപ്പെടുന്നു.

ഈ മാനസാന്തര അനുഭവത്തിൽ എന്തുചെയ്യണം. ഫലം പുറപ്പെടുവിക്കണം. സ്നാനം ഏറ്റുപോവുകയല്ല പുതിയ ആവേശത്തോടെ ജീവിക്കുമ്പോൾ ഫലം കായ്ക്കുന്ന ജീവിതം ആവശ്യമാണ്. അതിനു ദൈവത്തോടൊപ്പം ലോകത്തിലേക്ക് പോകണം. ലോകത്തെ രൂപാന്തരപ്പെടുത്തുക എന്നത് വലിയ ചുമതല ആണ്. ആ ചുമതല ദൈവം നമ്മെ ഏല്പിച്ചിരിക്കുന്നു. ചരിത്രത്തിലെ ദൈവത്തിന്റെ പ്രവർത്തനം രൂപാന്തരം വരുത്തുന്നതാണ്. അതിൽ പങ്കാളികളാകുക. ലോകത്തെ ദൈവത്തിനുവേണ്ടി നേടുന്ന വ്യക്തികളായി നാം ജീവിക്കണം. സമൂഹത്തോടുള്ള എന്റെ ബന്ധം സ്നേഹബന്ധമാണോ? ആ സമൂഹ ബന്ധത്തിൽ സ്നേഹത്തിലുള്ള സേവനം ആവശ്യമാണ്.

### രക്ഷാ മാർഗ്ഗത്തിലേക്ക് നയിക്കപ്പെടുന്ന അനുഭവം

ദൈവം രക്ഷ പ്രദാനം ചെയ്യുന്നു. യോഹന്നാൻ പാപമോചനത്തിനു ആഹ്വാനം നൽകുന്നു. എന്നാൽ പാപമോചനം നൽകുന്നില്ല. പാപമോചനം യേശുവിൽകൂടെ മാത്രം എന്ന് വ്യക്തമാക്കുകയും ചെയ്യുന്നു. ദൈവത്തോടുള്ളതായ ബന്ധത്തിലാണ് രക്ഷാ നിർണ്ണയം സാധ്യമാകുന്നത്. സക്കായിയുടെ അനുഭവം ഇതിനുദാഹരണം ആണ്. ദൈവിക ബന്ധത്തിലൂടെ ലോകത്തെ രൂപാന്തരത്തിലേക്ക് നയിക്കാൻ കഴിയണം. ഫാദർ ഡാമിയൻ ഹവായ് ദ്വീപിൽ കുഷ്ഠരോഗികളുടെ ഇടയിൽ പ്രവർത്തിച്ച് ആഗ്രഹിച്ച ഫലം കിട്ടാത്തതിൽ നിരാശനായി മടങ്ങിപ്പോകുവാൻ ആഗ്രഹിക്കുമ്പോൾ താനും കുഷ്ഠരോഗിയായി എന്ന് മനസ്സിലാക്കുന്നു. അതറിഞ്ഞ കുഷ്ഠ രോഗികൾ ഫാദർ ഡാമിയനോടുകൂടെ ചേരുന്നു. അവരിലൊരാളായിത്തീർന്ന ഡാമിയനോടുകൂടെ അവരും ചേരുന്നു. അതുപോലെ വികൃതമായ ലോകത്തെ വീണ്ടെടുക്കുവാൻ ലോകത്തിൽ വന്ന ക്രിസ്തു വിരൂപിയായി ക്രൂശിൽ മരിച്ചു. മനുഷ്യനുമായി ഏകീഭവിക്കുവാൻ സ്നാനം ഏറ്റു. യെശയ്യാ പ്രവചനത്തിൽ യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കി കഴുകനെപ്പോലെ ചിറകടിച്ചുയരും എന്നു പറഞ്ഞിരിക്കുന്നു. അതുപോലെ മനുഷ്യൻ ദൈവത്തിങ്കലേക്ക് തിരിഞ്ഞ് മാനസാന്തരം പ്രാപിക്കണം.

യോഹന്നാന്റെ അടുക്കൽ വന്ന ജനം തങ്ങൾ എന്തു ചെയ്യണം എന്നു ചോദിക്കുന്നു. ഈ ചോദ്യം ജനം എപ്പോഴും ചോദിച്ചുകൊണ്ടിരിക്കുന്നത് കാണാം. ഇതിനു മറുപടിയായി യോഹന്നാൻ തന്റെ ധർമ്മ ഉപദേശം നൽകുന്നു. പങ്കുവയ്ക്കലിന്റെ ഉപദേശം നൽകുന്നു. പങ്കു വയ്ക്കുക എന്നത് ദൈവഹിതം ആണ്. ദൈവത്തിന്റെ പ്രവർത്തനം ആണ്. നിനക്കുള്ളത് വിറ്റ് ദരിദ്രർക്ക് കൊടുക്കുക എന്നാണ് ന്യായശാസ്ത്രിയോടു പറഞ്ഞത്. കരുതുന്നതിനുള്ള മനോഭാവത്തെ ശ്ലാഘിക്കേണ്ടത് ആവശ്യമാണ്. ദൈവരാജ്യത്തിനായി നൽകുന്ന മനോഭാവം വളർത്തിയെടുക്കണം

ചുങ്കക്കാരൻ ചോദിക്കുന്നു. ഞാൻ എന്തുചെയ്യണം അധികമായി ഒന്നും വാങ്ങരുത്. അഴിമതി രഹിതമായ സമൂഹമാണ് അതിൽ വിവക്ഷിക്കുന്നത്. നിർദ്ദേശിച്ചിരിക്കുന്നതിൽ അധികമായി ഒന്നും പിരിക്കരുത്. സക്കായി പറയുന്നു. ഞാൻ അന്യായമായി പിരിച്ചതിന്റെ 4 മടങ്ങ് നൽകും എന്ന്. അന്യായമായി പിരിക്കുന്നതിനുള്ള പ്രവണത നിലനിൽക്കുന്ന സാഹചര്യത്തിൽ യോഹന്നാൻ പറയുന്നു. നിങ്ങൾ അന്യായമായി പിരിക്കരുത്. പടയാളികളോട് യോഹന്നാൻ പറയുന്നു. ബലാല്ക്കാരം ചെയ്യരുത്, ലഭിക്കുന്നതിൽ തൃപ്തിപ്പെടുക. തൃപ്തികരമായ ജീവിതം ആവശ്യമാണ്. ദൈവം ആഗ്രഹിക്കുന്നത് പോലെ ജീവിക്കുക എന്നതിലാണ് തൃപ്തി.

ഇന്നത്തെ കാലത്ത് എപ്രകാരം ദൈവത്തിന്റെ സാക്ഷിയായിത്തീരാൻ സാധിക്കും. മാനസാന്തര അനുഭവത്തിൽ ദൈവത്തോടുകൂടെയുള്ള ജീവിതമാണ് അവശ്യം. ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിയുടെ .. ി ഹാരം പങ്കിടീൽ ആണ്. ഉദ്യോഗസ്ഥർക്ക് ലഭിക്കുന്നതിൽ തൃപ്തി ഉണ്ടാകണം. ദൈവത്തിങ്കലേക്ക് തിരിഞ്ഞ് ദൈവത്തോട് ചേർന്ന് ലോകത്തെ രൂപാന്തരപ്പെടുത്തുന്ന വ്യക്തികളായി ജീവിക്കണമെന്ന് ദൈവം ആഹ്വാനം ചെയ്യുന്നു.

# ഞാനെന്റെ സഹോദരന്റെ കാവൽക്കാരനോ?

ലൂക്കോ . 10:35

## ബിഷപ്പ് ഡോ. സാം മാത്യു

സമൂഹത്തെ തീവ്രമായി നശിപ്പിച്ചുകൊണ്ടിരിക്കുന്ന വിപത്തുകളിൽ ഏറ്റവും പ്രധാനമാണ് മദ്യപാനം. ഈ സാമൂഹ്യതിന്മയെ വിമർശനാത്മകമായി വിലയിരുത്തുവാനും പ്രതികരിക്കുവാനും സഭകൾക്ക് കടമയുണ്ട്. സഭകൾ ഈ വിഷയത്തിൽ നൽകുന്ന പങ്കാളിത്തം കാര്യക്ഷമമാണോ? ലൂക്കോസ് 10:35 -ൽ പറയുന്ന "ഇവനെ രക്ഷ ചെയ്യണം" എന്നത് സഭയുടെ ഈ ദൃശ്യപ്രവർത്തനങ്ങളിലേക്കാണ് വിരൽചൂണ്ടുന്നത്. സഭയെപ്പറ്റി ഇന്നു പറഞ്ഞുകേൾക്കുന്ന വിമർശനം.

ഒന്ന് - മദ്യത്തിന്റെ ഉല്പാദനത്തിലും വിതരണത്തിലും ക്രിസ്ത്യാനിക്ക് സാരമായ പങ്കുണ്ട്.

രണ്ട് - ക്രൈസ്തവ ആഘോഷ പരിപാടികളിൽ, വിശേഷിച്ച് ഈസ്റ്റർ, ക്രിസ്മസ് ദിവസങ്ങളിൽ മദ്യവില്പന കൂടുതലല്ലേ?

മൂന്ന് - സഭകൾ മദ്യവ്യവസായികൾ നൽകുന്ന സംഭാവന സ്വീകരിക്കുന്നു. അവർക്ക് സഭയിൽ ഗണ്യമായ സ്വാധീനം ഉണ്ട്.

ഇവയോട് സഭയുടെ നിലപാട് എന്തായിരിക്കണം. മഹാത്മാഗാന്ധി 1931-"യംഗ് ഇന്ത്യ" യിൽ എഴുതി - "മദ്യപാനം എന്ന കൊടിയ വിപത്തിനെ നേരിടുവാൻ മൃദുലവും സുഖകരവുമായ സമീപനം പോരാ. പൂർണ്ണമായ മദ്യനിരോധനത്തിൽ കവിഞ്ഞ യാതൊന്നിനും മനുഷ്യനെ ഈ സാമൂഹ്യതിന്മയിൽ നിന്നും മോചിപ്പിക്കുവാൻ സാധ്യമല്ല". ഇന്നത്തെ ക്രൈസ്തവരുടെ ചിന്ത സാമൂഹ്യപ്രശ്നങ്ങളും ആത്മീയതയും പരസ്പരബന്ധമില്ലാത്തതാണ് എന്നാണ്. എന്നാൽ ഇവയെ നമുക്ക് വേർതിരിച്ച് കാണുക സാധ്യമല്ല. സഭയുടെ ദൗത്യം സഹോദരന്റെ കാവൽക്കാരൻ ആയിരിക്കുക എന്നതാണ്. വില്യംടെമ്പിൾ പറയുന്നത് -"Church is the only institution which exists for it's non members".

### ആരാണ് മനുഷ്യൻ?

പ്രപഞ്ചത്തിന്റെ കാര്യവിചാരകനാണ് മനുഷ്യൻ. പ്രാപഞ്ചിക പ്രതിഭാസനകളുടെ മുമ്പിൽ അവൻ എത്ര നിസാരൻ. പ്രകൃതിയുടെ "കാര്യവിചാരകൻ" എന്ന ചിന്തവിട്ട്, അതിന്റെ അധിപതി ആകുവാനാണ് ശ്രമിക്കുന്നത്. തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്നതാണ് ഇന്നത്തെ സമൂഹത്തിന്റെ ആപ്തവാക്യം. ദൈവദാനമായ സ്വന്തം ശരീരത്തെ മദ്യപാനത്തിലൂടെ സ്വയം നശിപ്പിച്ചുകൊണ്ടിരിക്കുന്നു. വേദപുസ്തകചിന്തയിൽ മനുഷ്യന്റെ ശരീരം പ്രധാനമാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് വസിക്കുന്ന മന്ദിരമാണ് മനുഷ്യശരീരം. ദൈവാത്മാവും ശരീരവും ഉൾക്കൊള്ളുന്ന ദൈവത്തിന്റെ സൃഷ്ടി ആണെന്ന് നാം അറിയണം.

### സഭയ്ക്ക് നിശബ്ദമായിരിക്കുവാൻ കഴിയുമോ?

ശമര്യാക്കാരന്റെ ഉപമയിൽ അപകടത്തിൽപ്പെട്ട മനുഷ്യൻ ക്രമാനുഗതമായിട്ടാണ് അതിലേക്ക് വഴുതി വീണത്. വഞ്ചകന്റെ ചൂഷണത്തിൽ അകപ്പെട്ട മനുഷ്യനാണ് ഇന്ന് വഴിമദ്ധ്യേ കിടക്കുന്നത്. ധാർമ്മികമായി, ആധ്യാത്മികമായി, സാസ്കാരികമായി മരിച്ചുകൊണ്ടിരിക്കുന്ന സമൂഹത്തിന്റെ മദ്ധ്യേ നിശബ്ദരായിരിക്കാൻ കഴിയുമോ? Martin Luther King-ന്റെ "Strength of Life"-എന്ന പുസ്തകത്തിൽ പുരോഹിതനും ലേവ്യനും ആധുനികസഭയുടെ പ്രതിനിധികളാണ്.

ചൂഷണം അനുഭവിക്കുന്ന മനുഷ്യനെ സഹായിച്ചാൽ നമ്മുടെ അഭിമാനം, മാന്യത, സമയം, പണം, ആരോഗ്യം എന്നിവ നഷ്ടമാകുകയാണ് എന്ന തോന്നൽ. പുരോഹിതനും ലേവ്യനും ഇങ്ങനെ ഭയപ്പെട്ടവരാണ്. ഇവിടെ ശമര്യാക്കാരൻ തന്നെ പ്രതീക്ഷയോടെ ശ്രദ്ധിച്ച മനുഷ്യന്റെ മുമ്പിൽ നിന്നു; അവിടെ തന്റെ ആവശ്യം ഉണ്ടെന്ന് മനസ്സിലാക്കി. അതിൽ നിന്ന് ഒഴിഞ്ഞു പോകുവാൻ കഴിയുകയില്ലെന്ന് ഉറപ്പിച്ചു. "If I do not help him, what will happen to him?" (Martin Luther).

അനുദിനും വളർന്നുവരുന്ന സാമൂഹ്യതിന്മകളുടെ മദ്ധ്യത്തിൽ സഭ നിസംഗത വെടിഞ്ഞ്, ക്രിയാത്മകമായി ദൗത്യത്തിൽ പങ്കാളികളാകണം. ശമര്യാക്കാരൻ തനിക്ക് എന്ത് സംഭവിക്കും എന്ന് ചിന്തിച്ചില്ല. അവൻ തനിക്കുള്ളതെല്ലാം ആ മനുഷ്യനുവേണ്ടി ഉപയോഗിക്കുവാൻ മടി കാണിക്കുന്നില്ല. സമൂഹം സഭയിൽ ഏറെ പ്രതീക്ഷയർപ്പിക്കുന്നു. സാമൂഹ്യപ്രശ്നങ്ങളിൽ നിന്ന് പിൻതിരിയാതെ അവയെ ആധ്യാത്മിക ജീവിതത്തിന്റെ ഭാഗമായി കാണണം. ദൗത്യത്തെപ്പറ്റിയുള്ള ശരിയായ ദർശനം വിശ്വാസസമൂഹത്തിൽ രൂഢമൂലമാകണം അപ്പോൾ ഇവനെ രക്ഷചെയ്യണം എന്നത് സുവിശേഷവേലയുടെ പരമസത്യമായി മാറും.



അഭിവന്ദ്യ ഗീവറുഗീസ് മാർ അത്താനേഷ്യസ് എപ്പിസ്കോപ്പാ
(സുവിശേഷ പ്രസംഗസംഘം പ്രസിഡന്റ്)

## നവമാനവികത ഇന്നിന്റെ അനിവാര്യത

### മാർത്തോമ്മാ മെത്രാപ്പോലീത്താ

ഒരു മദ്യരഹിതസഭയും സമൂഹവും കെട്ടിപ്പടുക്കേണ്ടത് ഇന്നിന്റെ അനിവാര്യതയാണ്. മദ്യവർജ്ജനപ്രവർത്തനങ്ങളിൽ, ജാതിപ്രസരണം ശക്തമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ഇവിടെ മനുഷ്യനെ കാണുവാൻ നമുക്ക് ആകുന്നില്ല. ഹിന്ദുവിനെയും ക്രിസ്ത്യാനിയെയും മുസൽമാനെയുമൊക്കെയാണ് കാണുവാൻ സാധിക്കുന്നത്. നമുക്ക് ഇന്ന് ആവശ്യകത നവമാനവികത (New humanization) ആണ്. തിന്മശക്തികളെ സൂക്ഷ്മതയോടെ മനസിലാക്കുവാൻ നമുക്ക് കഴിയണം. ദൈവസ്നേഹത്തെ തകർക്കുന്ന എന്തിനേയും നാം നേരിടണം. ഇവിടെ വ്യക്തി-സാമൂഹ്യബന്ധങ്ങളിൽ അടിസ്ഥാനപരമായ വ്യത്യാസം ആവശ്യമാണ്. "Everyone should get bread before someone gets cake".

# ക്രിസ്തുവിൽ നവജീവിതശൈലി രൂപപ്പെടുത്തണം

## മാർട്ടിൻ അൽഫോൺസ്

പരിഭാഷ - റവ. മാത്യു സ്കറിയ

**പു**ത്തൻ ജീവിതശൈലി ക്രിസ്തുവിലൂടെ മാത്രമേ സാധ്യമാകൂ എന്ന് പ്രതിപാദിക്കുന്ന വേദഭാഗമാണ് കൊലോസ്യർ 3:1-4.

എന്തുകൊണ്ടാണ് കൺവൻഷന് വരുന്നവരുടെ എണ്ണം വർദ്ധിച്ച് വരുന്നത്?

മാരാമൺ കൺവൻഷന് കടന്നുവരുന്നവരെ നാല് ഗണമായി തിരിക്കാം.

**ഒന്ന് - ദൈവ വചനത്തിനായുള്ള അമിതമായ ദാഹം.**

**രണ്ട് - പരമ്പരാഗതമായി വരുന്നവർ**

**മൂന്ന് - സാമൂഹ്യബന്ധങ്ങൾ പുതുക്കാനും, സൃഷ്ടിക്കാനും.**

**നാല് - ഉല്പതിഷ്ണുത്വത്തിന്റെ ഫലമായി (വെറും ആകാംക്ഷയോടെ)**

ദൈവഹിതം നാം തിരിച്ചറിയണം. ജീവിതത്തിൽ രൂപാന്തരമുണ്ടാകണം. ക്രിസ്തു ഉള്ളിലാകുന്നതിലൂടെ സംഭവിക്കുന്നതാണ് പരമപ്രധാനം. ഗലാത്യർ 4:19-ൽ ക്രിസ്തു ഉരുവാകുന്നതിനെപ്പറ്റി പറയുന്നു. യേശുക്രിസ്തു മനുഷ്യരിൽ ഗർഭം ധരിക്കപ്പെടണമെന്നാണ് പൗലോസ് പറയുന്നത്. കൊലോസ്യർ 1:28, 29 വാക്യങ്ങളിൽ ക്രിസ്തു വ്യക്തികളിൽ ഉരുവാകുമ്പോൾ ഉണ്ടാകുന്ന വേദനയെപ്പറ്റി കാണുന്നു. എല്ലാവരേയും ക്രിസ്തുവിൽ തികഞ്ഞവരാക്കുക എന്നതാണ് പൗലോസിന്റെ ലക്ഷ്യം. ഇതിന് ഒരു ജീവിതശൈലി രൂപാന്തരപ്പെടുത്തേണ്ടത് ആവശ്യമാണ്. നവജീവിതശൈലിക്കായി നാല് പ്രമാണങ്ങൾ നാം പാലിക്കപ്പെടുക.

**1. മുൻഗണനകളിൽ പുനഃക്രമീകരണം ഉണ്ടാകണം (Re-ordering in priorities)**

കൊലോസ്യർ 3:1-4-ൽ മനുഷ്യഹൃദയവും മനസും ഉന്നതത്തിലുള്ള കാര്യങ്ങളിൽ വ്യാപൃതമാകണമെന്ന് പൗലോസ് ശക്തീകരിക്കുന്നു. ഹൃദയത്തിനും മനസിനും ഉന്നതസ്ഥാനങ്ങളാണ് മനുഷ്യജീവിതത്തിലുള്ളത്. ഹൃദയം നിലച്ചാൽ കല്ലറയിലും, മനസ് നഷ്ടമായാൽ മാനസികആശുപത്രിയിലുമാണ് അഭയം. മനസ്, ചിന്തകളുടെ കേന്ദ്രസ്ഥാനമാണ്. നാം ക്രിസ്തുവിനുള്ളവരാകയാൽ നമ്മുടെ മനസും ഹൃദയവും ഉന്നതങ്ങളിൽ കേന്ദ്രീകരിക്കണം. കാരണം യേശു ഉയർത്തെഴുന്നേറ്റവനാണ്. 3-ാം വാക്യത്തിൽ ജീവിച്ചിരിക്കുന്നവരുടെ മരിച്ച അവസ്ഥയെപ്പറ്റി പ്രതിപാദിക്കുന്നു. റോമർ 6:3-ൽ ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവരായ നാം അവന്റെ മരണത്തിൽ പങ്കാളിയാകുവാൻ സ്നാനം ഏറ്റിരിക്കുന്നു. നാം. ക്രിസ്തുവിന്റെ മരണത്തോടും ഉയർത്തെഴുന്നേൽപിനോടും ഏകീഭവിക്കുകയാണ്. സ്നാപനസമയത്ത് വിശ്വാസികൾ ഏറ്റെടുത്ത തീരുമാനം നാം നിരന്തരം സ്മരിക്കണം. നാം കർത്താവിനോടുകൂടെ ക്രൂശിക്കപ്പെട്ടവരാണോ? ഉയിർത്തെഴുന്നേറ്റവരാണോ? അതിനാൽ നാം ഉയരത്തിലുള്ളത് അന്വേഷിക്കണം.

എങ്ങനെയാണ് മനസും ഹൃദയവും ഉയരത്തിൽ കേന്ദ്രീകരിക്കുവാൻ സാധിക്കുക? പാപത്തിന്റെ അടിമത്വത്തോട് എതിർത്തുനിന്നു മാത്രമാണ് ഇത് സാധ്യമായിത്തീരുന്നത്. നമ്മുടെ ശരീരങ്ങൾ നീതിയുടെ ആയുധവും സൗരഭ്യമുള്ള വാസനയായും തീരണം. ശരീരം ദൈവത്തിന്റെ മന്ദിരമാണ്. ദൈവാത്മാവിന്റെ ആലയമാണെന്ന് അനുനിമിഷം ഓർമ്മിക്കണം. 1 കൊരിന്ത്യർ 6:9, 15, 16, 19 എന്നീ വാക്യങ്ങളിലെ ആവർത്തിച്ചുള്ള "നീ അറിയുന്നില്ലയോ?" എന്ന ചോദ്യം ശ്രദ്ധേയമാണ്. ഇത് വിശ്വാസസമൂഹത്തിനുള്ള വെല്ലുവിളിയാണ്. എന്നാൽ ആധുനിക മനുഷ്യന്റെ പ്രശ്നം ഒന്നും അറിയുന്നില്ല എന്നുള്ളതല്ല. എല്ലാമറിഞ്ഞിട്ടും, ചെയ്യരുതാത്തത് ചെയ്യുന്നുവെന്നതാണ്. എത്രനാൾ ദൈവവചനത്തിന് ചെവികൊടുക്കാതിരിക്കും? ദൈവഹിതത്തിന് വിപരീതമായി നിലകൊള്ളും?

**നാം ക്രിസ്തുവിനുള്ളവരാകയാൽ നമ്മുടെ മനസും ഹൃദയവും ഉന്നതങ്ങളിൽ കേന്ദ്രീകരിക്കണം.**

***നമ്മുടെ ശരീരത്തെ നാം നശിപ്പിച്ചാൽ ദൈവം നമ്മെയും നശിപ്പിക്കും എന്നത് യാഥാർത്ഥ്യമാണ്. നമ്മുടെ ശരീരം ദൈവത്തിനുള്ള യാഗമായി സമർപ്പിക്കണം എന്നതാണ് ദൈവഹിതം. അതുകൊണ്ട്, ഇത് ജീവിതത്തിന്റെ മുൻഗണനകളെ പുനഃക്രമീകരിക്കേണ്ടതിനുള്ള സമയമാണിത്. വിശ്വാസികളുടെ മുൻഗണനകൾ ഭൗമീയമാകരുത്. മറിച്ച്, ഉന്നതത്തിലുള്ളതാകണം.***

1 കൊരിന്ത്യർ 3:16-ൽ വീണ്ടും പൗലോസ് ഈ ചോദ്യം ആവർത്തിക്കുന്നു. നമ്മുടെ ശരീരത്തെ നാം നശിപ്പിച്ചാൽ ദൈവം നമ്മെയും നശിപ്പിക്കും എന്നത് യാഥാർത്ഥ്യമാണ്. നമ്മുടെ ശരീരം ദൈവത്തിനുള്ള യാഗമായി സമർപ്പിക്കണം എന്നതാണ് ദൈവഹിതം. അതുകൊണ്ട്, ഇത് ജീവിതത്തിന്റെ മുൻഗണനകളെ പുനഃക്രമീകരിക്കേണ്ടതിനുള്ള സമയമാണിത്. വിശ്വാസികളുടെ മുൻഗണനകൾ ഭൗമീയമാകരുത്. മറിച്ച്, ഉന്നതത്തിലുള്ളതാകണം. ലൂക്കോസ് 12:6-ഭാഗത്ത് കാണുന്ന "ധനികനായമൂഢന്റെ" കഥ നമ്മെ പഠിപ്പിക്കുന്നത്, ഭൗമീയമായതിനും, സ്വയത്തിനുവേണ്ടിയും അന്വേഷിക്കുമ്പോൾ ജീവിതം പരാജയപ്പെടുമെന്നതാണ്. ഈ ഭാഗത്തുള്ള ധനികന് ലോകപരമായി അതായത് കാർഷികമേഖലയിലും, സാമൂഹ്യ സാമ്പത്തികരംഗങ്ങളിലും നല്ല പരിജ്ഞാനമുള്ളവനായിരുന്നു. ഒരുതരത്തിൽ പാപം ഒന്നും ചെയ്യാത്ത മനുഷ്യൻ. എന്നാൽ ദൈവദൃഷ്ടിയിൽ അവൻ മൂഢനായിത്തീരുന്നു. ഭൗമീയമായത് അന്വേഷിച്ച് ജീവിതം ലക്ഷ്യമിട്ടത് വിനയായി ഭവിച്ചു. "ഞാൻ" - എന്നതായിരുന്നു ആ മനുഷ്യന്റെ ജീവിതപ്രമാണം. ഉയരത്തിലുള്ളതിനെ അന്വേഷിക്കുവാൻ ദൈവവചനം നമ്മെ ഉദ്ബോധിപ്പിക്കുന്നു. അത് ക്രിസ്തു നമ്മിൽ ജനിക്കണം. മേലുള്ളതിൽ ഹൃദയം കേന്ദ്രീകരിച്ചാൽ, ക്രിസ്തുവരുമ്പോൾ നാമും തേജസിൽ വെളിപ്പെടും.

2. അടിസ്ഥാനപരമായ ആധ്യാത്മികത (Radical Spirituality)

നാം ക്രിസ്തുവിനോട് കൂടെ മരിക്കുന്നവർ ആകയാൽ നമ്മുടെ ശരീരങ്ങളെ (ലോകപരതയുള്ളതിനെ) മരിപ്പിക്കണം. നാം വേരുകളിലേക്ക് കടന്നുചെന്ന് രൂപാന്തരം പ്രാപിക്കണം. ലൂക്കോസ് 3:5, 8, 9 ഭാഗത്ത് ഈ ലോകവുമായി ബന്ധപ്പെട്ടിട്ടുള്ള ദുഃഷ്ടതകളെ മരിപ്പിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു. കൊലോസ്യർ 3:6-ൽ ദൈവകോപം വരുന്നതായി പൗലോസ് സൂചനനൽകുന്നു. ദൈവം സ്നേഹമാണ്, ആർദ്രവാനാണ്, സൗമ്യനാണ് എന്നാൽ അതിനെ നാം ചൂഷണം ചെയ്യുമ്പോൾ, ദൈവകോപത്തിന് പാത്രീഭൂതരാകും.

3. സ്ഫുടം ചെയ്തിട്ടുള്ള വ്യക്തിത്വം (Refine the character)

കൊലോസ്യർ 3:12 വാക്യത്തിൽ "ധരിക്കുക" എന്ന വാക്ക് വളരെ പ്രാധാന്യമുള്ളതാണ്. സുവിശേഷം സത്യവും പുതുമയുമുള്ളതുമാണ്. പക്ഷേ അത് നമ്മുടെ വ്യക്തിത്വവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. സത്യസുവിശേഷത്തെ നാം ധരിക്കുകയും നവീന വ്യക്തിത്വങ്ങളുടെ ഉടമകളായും തീരണം. ഇന്ന് വിശ്വാസികളുടെ ബന്ധം വാക്കുകളിൽ മാത്രമൊതുങ്ങുന്നു. പ്രവൃത്തിയിൽ വ്യതിചലിച്ച് പോകുന്നുണ്ടോ? ആധുനിക ക്രൈസ്തവന്റെ വിഘാതം അവന്റെ പാപസ്വഭാവമാണ്. പാപത്തിൽ നിന്നും മോചനം പ്രാപിച്ച് ഉന്നതത്തിലുള്ളത് അന്വേഷിക്കണം. അത് നമ്മെ രൂപാന്തരപ്പെടുത്തും. പുതുക്കമുള്ള മനസുമായി സുവിശേഷത്തിൽ വളരണം. പരിശുദ്ധാത്മാവിന് നമ്മെ വിധേയപ്പെടുത്തണം.

ക്രിസ്തുവിൽ നവജീവിതശൈലി രൂപപ്പെടുത്തുവാൻ വിശ്വാസികൾക്ക് ഇടയായിത്തീരണം. അത് ദൗത്യത്തിന്റെ നവമാനങ്ങൾ കണ്ടെത്തുവാൻ നമ്മെ സഹായിക്കും.

# സന്ധ്യയിലും വെളിച്ചമാകേണ്ട സഭ

### സഖര്യാവ് 14:7


### അഭിവന്ദ്യ ഡോ. ജോസഫ് മാർ ഐറേനിയസ് സഫ്രഗൻ മെത്രാപ്പോലീത്താ


**പു**തിയ സഹസ്രാബ്ദം പിറന്നു വീണതു തന്നെ ദുരന്തങ്ങളുടെയും ഭീതിയുടെയും നിഴലിലായിരുന്നു. ശാസ്ത്രത്തിന്റെ അനിയന്ത്രിതമായ ഉപയോഗത്തിലൂടെയും ആശ്രയത്വത്തിലൂടെയും ഉണ്ടായ ഭീതി. പ്രകൃതിനിർമ്മിതമായ ദുരന്തങ്ങൾ, മനുഷ്യനിർമ്മിത ദുരന്തങ്ങൾ...... കാറ്റും കോളും നിറഞ്ഞ അന്തരീക്ഷത്തിൽ ദർശനം നഷ്ടപ്പെട്ട മനുഷ്യരെയാണ് നാം കാണുന്നത്. ഈ സാഹചര്യത്തിൽ നൂറ്റാണ്ടുകൾക്ക് മുൻപ് ദൈവം തന്റെ പ്രവാചകനായ സഖര്യാവിലൂടെ നൽകിയ ദൂത് വളരെ പ്രസക്തമാണ്. "സൈന്യത്താലല്ല. ശക്തിയാലല്ല. എന്റെ ആത്മാവിലത്രേ......." (പേർഷ്യൻ സ്ഥാനപതിയായ സെരുബാബേലിനോട്........). ദൈവത്തോട് ചേർന്ന് നടക്കുവാൻ വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ സമൂഹമാണ് സഭ. അനുരഞ്ജനത്തിന്റെ (Reconciliation) ആത്മാവാണ് ഇന്നിന്റെ ആവശ്യം. ദൈവം മനുഷ്യനെ മാനുഷിക പൂർണ്ണതയുടെ ആളത്വത്തിൽ സൃഷ്ടിച്ചു. ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തെ സംവിധാനം ചെയ്ത് കൂടുതൽ ആരോഗ്യപരവും ഗുണപരവും സൗന്ദര്യപരവുമായി നിലനിർത്തുവാൻ മനുഷ്യന് കഴിവ് നൽകി.

മനുഷ്യന്റെ സ്വാർത്ഥതമൂലം അവനു ലഭിച്ച ഈ സൃഷ്ടിപരത നഷ്ടപ്പെടുത്തി. ചൂഷണത്തിനും അക്രമണത്തിനുമായി അവൻ അതിനെ ഉപയോഗിച്ചു. തന്മൂലം ദൈവമുഖത്തേക്ക് നോക്കുവാൻ മനുഷ്യൻ ലജ്ജിതനായി (ഉല്പത്തി 3). ലജ്ജയില്ലാതെ ദൈവമുഖത്തേക്ക് നോക്കുവാൻ മനുഷ്യനെ പ്രാപ്തമാക്കുന്നതിനാണ് കർത്താവ് ഈ ലോകത്തിലേക്ക് വന്നത് (യോഹന്നാൻ 10;10) അവന്റെ കൃപയാണ് നമ്മെ ദൈവത്തിങ്കലേക്ക് അടുപ്പിച്ചത് 2 കൊരി: 8:9-ൽ "നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നരായിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന് നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന ദൈവകൃപ നിങ്ങൾ അറിയുന്നുവല്ലോ?" കേശവ് ചന്ദ്രസെന്നിന്റെ വാക്കുകളിൽ "ക്രിസ്തു, ദൈവത്തിന്റെ മനുഷ്യമുഖമാണ്" (Human Face of God) റാം മനോഹർ ലോഹ്യാ പറയുന്നത്, "യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷയും പീഡാനുഭവവും ഉയിർത്തെഴുന്നേൽപ്പും, പീഡനം അനുഭവിക്കുന്ന മാനവികതയോടുള്ള ദൈവത്തിന്റെ താദാത്മ്യപ്പെടലാണ്". മെൽബോൺ മിഷണറി കോൺഫറൻസ് "സമൂഹത്തിലെ പീഡിതന്റേയും ദുരിതമനുഭവിക്കുന്നവരുടെയും സാന്നിദ്ധ്യം ദൈവരാജ്യത്തിന്റെ അസാന്നിദ്ധ്യം വെളിപ്പെടുത്തുന്നതാകുന്നു"-എന്ന് പ്രസ്താവിച്ചിട്ടുണ്ട്. ഇവിടെ പീഡിതനോടുള്ള ഐക്യദാർഢ്യമില്ലാതെ ദൈവമുഖത്തേക്ക് നോക്കുവാൻ നമുക്ക് കഴിയുകയില്ല.

#### പ്രതിസന്ധികളിലും പ്രകാശമാനമാകേണ്ട സഭ

ഭാവിയെപ്പറ്റിയുള്ള അന്ധാളിപ്പിനിടയിലും ദൈവം പ്രവാചകനിലൂടെ നൽകുന്ന പ്രത്യാശാദൂതാണ്. "സന്ധ്യാസമയത്ത് വെളിച്ചമെന്നത്". പ്രതിസന്ധിഘട്ടത്തിൽ ദൈവത്തിന്റെ മഹത്വം കാണുവാൻ നമുക്ക് സാധിക്കണം. മാർത്തോമ്മാ സഭയ്ക്ക് കഴിഞ്ഞകാലങ്ങളിൽ ദൈവമഹത്വം ദർശിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഭാവിയെക്കുറിച്ച് ഉൽക്കണ്ഠപ്പെടുകയല്ല, മറിച്ച് അത് ആരുടെ കൈവശമാണെന്ന തിരിച്ചറിവാണ് ഇന്നിന്റെ ആവശ്യം. സഭയിലെ നവീകരണ കാലഘട്ടത്തിൽ, തളരാതെ നിലനിർത്തി. സന്ധ്യാസമയത്ത് വെളിച്ചം കണ്ട പൂർവ്വ പിതാക്കന്മാരുടെ പ്രതികരണം മാതൃകാപരമാണ്.

പ്രശ്നങ്ങൾ നിറഞ്ഞ ഈ യുഗസന്ധ്യയിൽ യേശുവിനോടൊപ്പം നടക്കുമ്പോൾ പ്രത്യാശ ലഭ്യമാവുകയും ശാന്തത കൈവരുകയും ചെയ്യുകയാണ്. മാനസാന്തരം അനിവാര്യമാണ്. അതോടൊപ്പം അതിന്റെ പ്രതികരണമായ അനുരഞ്ജനം സാധ്യമാകണം. സാമൂഹ്യപതനത്തിന്റെ മദ്ധ്യത്തിൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാൻ നാം സന്നദ്ധരാകണം. തകർച്ചയുടെ വേളകളിൽ പ്രത്യാശയുടെ ദൂത് വാഹകരായിരിപ്പാൻ ദൈവം ഇന്നിന്റെ പ്രവാചകരെ തിരയുകയാണ്. യെശയ്യാ പ്രവാചകന്റെ പ്രതികരണം നമുക്ക് പിൻബലമാകണം. "അടിയനിതാ അടിയനെ അയക്കേണമേ" - എന്നത് രൂപാന്തരത്തിലൂടെ ഉരുത്തിരിയേണ്ട പ്രവാചക ശബ്ദമാണ്. ഇരുട്ടിന്റെ അനുഭവത്തിലും പ്രകാശമാനമാകേണ്ട ദൗത്യം സഭയ്ക്കുണ്ട്.

മൂല്യശോഷണത്തിലൂടെ നഷ്ടപ്പെട്ട നമ്മുടെ ധന്യത നാം വീണ്ടെടുക്കണം. പ്രക്ഷുബ്ദമായ അന്തരീക്ഷത്തിൽ പടകിൽ കഴിഞ്ഞ ശിഷ്യരുടെ അരികിലേക്ക് കടലിലൂടെ നടന്നു വന്ന കർത്താവിന്റെ ശബ്ദത്തിൽ പ്രകാശപൂരിതമായ ശിഷ്യ സമൂഹം (മത്തായി 14: 22-32). ഇവിടെ പത്രോസും കർത്താവിനോടൊപ്പം ആ പ്രശ്നങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാൻ ആഗ്രഹിച്ചു. പിന്നീട് അവർ രണ്ടുപേരുംകൂടെ പടകിൽ കയറിയപ്പോൾ കാറ്റ് അമർന്നു. ദൈവത്തോടൊപ്പം പ്രതിസന്ധികളിൽ ഇറങ്ങിചെല്ലുവാൻ നമുക്ക് കഴിയണം. പൗലോസ് കപ്പൽ ഛേദത്തിന്റെ ഭീകരതയ്ക്കു മുമ്പിലും ആഹാരം കഴിച്ച് ഊർജം ഉൾക്കൊള്ളുവാൻ ആഹ്വാനം ചെയ്ത പ്രത്യാശാ നിർഭരമായ അനുഭവം വിശ്വാസിയുടെ ജീവിതം ധന്യമാക്കേണ്ടതാണ്. അസ്തമയ സമയത്തും ദിവ്യവെളിച്ചമാകുവാൻ പ്രത്യാശ ആവശ്യമാണ്. ആ വെല്ലുവിളി നമ്മെ ഭരമേല്പിച്ചിരിക്കുന്നു.

#### ഇന്നിന്റെ വെല്ലുവിളിയെ തിരിച്ചറിയുക

"സന്ധ്യാ"- എന്നത് ജീവന് ഭീഷണിയായ അനുഭവമാണ്. ശാസ്ത്രത്തിന്റെ ഭീകരമുഖവും, പ്രകൃതിയും മനുഷ്യനും നിർമ്മിക്കുന്ന പ്രതിസന്ധികളും സാമ്പത്തിക തകർച്ചയും പരിസ്ഥിതി പ്രശ്നങ്ങളും, പരസ്പരം പഴിചാരുന്ന സമൂഹവും വ്യക്തികളുമെല്ലാം സന്ധ്യയുടെ പ്രതീകങ്ങളാണ്. ഇവയെ മധ്യത്തിൽ പ്രകാശമായിരിക്കണമെന്ന് പൗലോസിനെപ്പോലെ, ചരിത്രത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും പ്രത്യാശയും നമുക്ക് ആവശ്യമാണ്. അനുരഞ്ജനത്തിലൂടെ രൂപാന്തരപ്പെട്ട് പ്രകാശമായിരിക്കുവാൻ സഭയ്ക്ക് സാധ്യമാകണം.

> ***"നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നരായിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന് നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന ദൈവകൃപ നിങ്ങൾ അറിയുന്നവല്ലോ?"***

# പക്ഷവാതത്തിൽനിന്നും പങ്കാളിത്തത്തിലേക്ക്

**മർക്കോസ് 2:1-12**


## റവ. ഡോ. വൽസൻ തമ്പു


നാല് സഹോദരൻമാരുടെ സഹായത്താൽ യേശുവിന്റെ അടുത്തേക്ക് വരുന്ന പക്ഷവാതക്കാരന്റെ സംഭവമാണ് ഇവിടെ പ്രതിപാദ്യം. ആ സഹോദരൻമാരുടെ ശുശ്രൂഷകണ്ട് യേശു പ്രതികരിക്കുന്നു. ജനക്കൂട്ടമാണ് ഇവനെ യേശുവിന്റെ അടുത്ത് കൊണ്ടുവരുന്നതിന് തടസ്സം. പക്ഷവാതരോഗിയുടെ ആന്തരികാവസ്ഥയും അവിടെ കൂടിയിരുന്ന പരീശൻമാരുടെ ആന്തരികാവസ്ഥയും യേശു മനസ്സിലാക്കുന്നു. യേശു അവന്റെ പാപങ്ങൾ മോചിച്ചിരിക്കുന്നു എന്നു പറയുന്നതിനുപകരം തത്തുല്യമായ "എഴുന്നേറ്റ് കിടക്കേ എടുത്ത് വീട്ടിലേക്ക് പോക"എന്നാണ് പറയുന്നത്. പാപങ്ങൾ മായിച്ചു തന്നിരിക്കുന്നു എന്നതാണോ എഴുന്നേറ്റു നടക്ക എന്നതാണോ എളുപ്പം എന്ന യേശുവിന്റെ ചോദ്യം "യേശു ആരാണ്?" എന്ന പരിശൻമാരുടെ ചോദ്യത്തിനുള്ള ഉത്തരമാണ്.

രോഗശാന്തി എന്നാൽ എന്താണ്? യേശു ഇതിന് സൗഖ്യം എന്ന വാക്കാണ് ഉപയോഗിക്കുന്നത്. സൗഖ്യം എന്നാൽ രക്ഷ എന്നാണ്. രക്ഷ എന്നാൽ വിമോചനം അഥവാ വിടുതൽ എന്നാണർത്ഥം. സൗഖ്യം, വിടുതൽ, രക്ഷ ഇവ വേണ്ട രോഗശാന്തി മാത്രം മതി എന്നു ചിന്തിക്കുന്നവരുണ്ട്. ലൂക്കോ 17-ൽ യേശു 10 കുഷ്ഠരോഗികളെ സൗഖ്യമാക്കിയതിനുശേഷം അവരിൽ ഒരുവൻ മടങ്ങിവന്ന് യേശുവിനു നന്ദി പറയുന്നു. ഇവിടെ രക്ഷയുടെ ബാഹ്യപ്രകടനം അവൻ യേശുവിങ്കലേക്ക് മടങ്ങിവന്നു എന്നതാണ്. "Your faith has saved you" എന്നാണ് യേശു അവനോട് പറയുന്നത്. സൗഖ്യത്തിന്റെ മാനദണ്ഡം "നമുക്ക് കർത്താവിന്റെ മനസ്ഥിതി ലഭിച്ചോ ഇല്ലയോ എന്നതാണ്" എന്താണ് യേശുവിന്റെ മനസ്ഥിതി? മർക്കോ10:45 ശുശ്രൂഷ ചെയ്യിപ്പാനല്ല. ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനുമത്രേ കർത്താവു വന്നത്. രണ്ടു തരത്തിലുള്ള സമീപനം നമുക്കുണ്ട്. "ശുശ്രൂഷ അനുഭവിപ്പാനും, ശുശ്രൂഷിപ്പാനും" ഉള്ള സമീപനമാണവ. എന്നാൽ ശുശ്രൂഷ അനുഭവിക്കുകയല്ല മറിച്ച് ശുശ്രൂഷിക്കുകയാണ് പ്രധാനം. മറ്റുള്ളവർ നമ്മെ വഹിക്കുന്ന അവസ്ഥയിൽനിന്നും മറ്റുള്ളവരെ ക്രിസ്തുവിന്റെ അടുക്കലേക്ക് കൊണ്ടുവരുന്ന ക്രിയാത്മകമായ അനുഭവത്തിലേക്കായിത്തീരണം. നാം വഹിക്കുന്ന കിടക്ക നമുക്കുള്ളതല്ല. മറ്റുള്ളവർക്കുള്ളതാണ്. എന്നാൽ നാം കിടക്കുന്ന കിടക്ക നമുക്ക് മാത്രമുള്ളതാണ്. ഒരിക്കൽ മറ്റുള്ളവരാൽ ചുമക്കപ്പെട്ടിട്ടുണ്ടെങ്കിൽ പിന്നീട് മറ്റുള്ളവരെ ചുമക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്.

അന്നുവരെ തന്റെ പരാധീനതയുടെ കിടക്ക ഇന്ന് ദൗത്യത്തിന്റെ പ്രതീകമായി മാറി. യേശു ഇവിടെ പറയുന്നത് ചലനാത്മകതയിലേക്ക് വരുമ്പോൾ നാം സൗഖ്യം പ്രാപിക്കുന്നു എന്നാണ്. ചലനാത്മകതയിലേക്ക് കടന്നുവന്നിട്ടല്ലാതെ യേശു നൽകുന്ന ദൗത്യത്തിന്റെ പൂർണ്ണത പ്രാപിപ്പാൻ സാധ്യമല്ല. ചലനാത്മകത ജീവിതത്തിലേക്ക് മനുഷ്യനെ നയിച്ചു. ഈ സംഭവത്തിൽ രണ്ടുതരത്തിലുള്ള ആളുകളെ കാണാം.

1. തടിച്ചുകൂടിയ ജനം
2. നടന്നുവരുന്ന നാലുപേർ

നാലുപേർ യേശുവിനെക്കുറിച്ച് മുമ്പ് കേട്ടിട്ടുണ്ടാകും. കേട്ടതിൽനിന്നും വിശ്വാസം ഉദിച്ച നാലുപേർ. കേൾക്കുന്ന സത്യങ്ങൾ അനുഭവസമ്പത്തുകളായി മാറുമ്പോൾ അത് കാലികമായി മാറുന്നു. കേട്ട സത്യം ലോകയാഥാർത്ഥ്യങ്ങളുമായി പ്രായോഗികതലത്തിൽ കൊണ്ടുവരാൻ സാധിക്കണം. ചുമതലാബോധത്തോടും ചലനാത്മകതയോടും കൂടി പ്രവർത്തിക്കാൻ സഭയ്ക്ക് സാധിക്കണമെങ്കിൽ "എഴുന്നേറ്റ് നടന്നാൽ" മാത്രം പോരാ നടക്കുമ്പോൾ കണ്ണുതുറന്ന് പിടിച്ചു കാണുകയും വേണം. കാണാൻ കണ്ണുള്ളവനാണ് പ്രവാചകൻ. യാഥാർത്ഥ്യങ്ങളുടെ നേരെ കണ്ണടയ്ക്കുമ്പോൾ ലോകമാകുന്ന കടൽ ഇളകിമറിയും എന്നുള്ളത് യോനയുടെ അനുഭവത്തിലൂടെ മനസ്സിലാക്കാവുന്നതാണ്. പ്രവാചകൻ തിരിഞ്ഞ് ദൈവത്തിങ്കലേക്ക് മടങ്ങിവരണം... പ്രതികരിക്കണം. യേശുവിന്റെ സൗഖ്യമാക്കൽ പ്രക്രിയ, യാഥാർത്ഥ്യങ്ങളെ കണ്ട് അതിനനുസരണമായി പ്രതികരിക്കുന്നതായിരുന്നു. എന്നാൽ പ്രതികരിക്കുന്നതിലൂടെ എനിക്കെന്തു ലഭിക്കും എന്നുള്ളതാണ് ഇന്നത്തെ ആദ്യ അന്വേഷണം. പ്രയോജനം ഇല്ലാത്ത അവസ്ഥയാണെങ്കിൽ മറ്റുള്ളവർ ചുമക്കട്ടെ, പ്രാർത്ഥിക്കട്ടെ എന്നതാണ് മനോഭാവം. എന്നാൽ മറഞ്ഞിരിക്കുന്ന സത്യം കണ്ടെത്തുവാൻ കഴിയുമ്പോൾ മാത്രമേ സൗഖ്യം ലഭ്യമാകുകയുള്ളൂ. സത്യമറിയാതെ സ്വാതന്ത്ര്യവും ലഭ്യമല്ല. സത്യത്തോട് പ്രതിബദ്ധതയില്ലാത്ത സമൂഹത്തിൽ സ്വാതന്ത്ര്യം നിലനിൽക്കില്ല. ഇന്നത്തെ ഭാരതത്തിന്റെ അവസ്ഥ ഇതാണ്.

രോഗമെന്നത് കാരാഗൃഹമാണ്. അതിലും വലിയ കാരാഗൃഹമാണ് പാപം. ഇതിൽനിന്നുള്ള വിമോചനമാണ് നമുക്കാവശ്യം.

**a.** പാപംകൊണ്ടു സംഭവിക്കുന്നത് ആന്തരിക മരണമാണ്. അത് വൈകാരികമായ മരണവുമാണ്. ഹാബേലിന്റെ മരണം കയീന്റെ വൈകാരികതയെ കൊന്നു, അവന്റെ മനുഷ്യത്വം മുരടിച്ചു. ഇന്നത്തെ ഭാരതത്തിന്റെ പശ്ചാത്തലത്തിലും ഇത് പ്രസക്തമാണ്. ഇവിടെ വികാരങ്ങൾ മരിക്കുന്നു. ബന്ധങ്ങളിൽ ആഴമില്ലാതെയാകുന്നു. സമൂഹത്തിലെ അക്രമങ്ങൾക്കു കാരണമാകുന്നതും ഈ ആന്തരീക മരണമാണ്... അതുകൊണ്ട് പ്രതികരണം നഷ്ടപ്പെട്ടിരിക്കുന്നു. ഇന്ന് ശുശ്രൂഷ ചെയ്യുവാനും കഷ്ടപ്പെടുവാനുമുള്ള മനസ്സില്ല. വൈകാരിക പാപ്പരത്വം നമുക്ക് സംഭവിക്കരുത്. അയൽക്കാരന്റെ വേദന ഉൾക്കൊള്ളുന്നതിനുള്ള ആർദ്രത നമുക്കുണ്ടാകണം.

**b.** പ്രതികരണശേഷി നഷ്ടമാകുന്നു : ഇന്നത്തെ വിദ്യാഭ്യാസംപോലും സമൂഹത്തെ അക്രമാസക്തമാക്കുന്നു. നിർവ്വികാരമായ തലമുറ വികാരം മരവിച്ചാൽ പ്രതികരണശേഷി നഷ്ടപ്പെട്ടുപോകും. വികാരഭരിതനായ പത്രോസ് അപ്പോസ്തലൻ സഭയുടെ പാറയെന്ന് വിശേഷിപ്പിക്കപ്പെട്ടത് അവന്റെ ഹൃദയം പാറയല്ലാത്തതുകൊണ്ടാണ്. ആഴവും വികാരവും ഉൾക്കൊള്ളുന്ന ഒരു ആദ്ധ്യാത്മികത നമുക്ക് ഉണ്ടാകണം.

ദൈവത്തിൽനിന്നും ലഭിച്ച എല്ലാ അനുഗ്രഹങ്ങളും പങ്കുവയ്ക്കേണ്ടവയാണ്. യേശുവിനെ കണ്ടുമുട്ടുകയും അനുഗ്രഹം പ്രാപിക്കുകയും ചെയ്തവർ മറ്റുള്ളവരെ അനുഗ്രഹലബ്ധിയ്ക്കായി അവന്റെയടുത്തേക്ക് കൊണ്ടുവരേണ്ടതുണ്ട്. വിശ്വാസപൂർവ്വം അവനെ സമീപിക്കുന്നവർക്കാണ് രക്ഷ ഉണ്ടാകുന്നത്. എന്താണ് വിശ്വാസം?

**"വിശ്വാസം, നമ്മെ അവിശ്വാസികളുമായും ക്രിസ്തുവുമായും ബന്ധിപ്പിക്കുന്ന കണ്ണികളായി മാറ്റുന്നു. വിശ്വാസം പ്രതികൂലങ്ങൾ ഇല്ലാതാക്കുന്നില്ല; മറിച്ച് അതിനെ അതിജീവിക്കുന്നതിന് നമ്മെ പ്രാപ്തരാക്കുന്നു."**

വിശ്വാസം സ്വാർത്ഥതയ്ക്കുവേണ്ടിയാകരുത്. മറിച്ച് അപരനെക്കൂടി വിശ്വാസത്തിലേക്കാനയിക്കുവാൻ വിശ്വാസി ബാദ്ധ്യസ്ഥനാണ്.

പക്ഷവാതക്കാരനെ സംബന്ധിച്ചിടത്തോളം അവന്റെ കിടക്കയാണ് പ്രശ്നം. കിടക്കയിൽ വസിക്കുകയും അതിനെ വഹിക്കുകയുമാവാം. ഇതിലേത് തെരഞ്ഞെടുക്കുന്നുവെന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് അവനുള്ള സൗഖ്യം. കിടക്ക വഹിക്കുവാനുള്ള ഉപാധിയായി മാറിയാൽ അനേകർക്ക് സൗഖ്യത്തിനു കാരണമാകും. അതുകൊണ്ട് മറ്റുള്ളവരെ സഹായിക്കുന്നതിന്റെ പ്രതീകമായി കിടക്ക രൂപാന്തരപ്പെടണം. കിടക്ക വഹിക്കുമ്പോൾ കർത്താവ് നമ്മോടുകൂടെയുണ്ട്. അത് ഒരു നുകമാണ്. ഈ നുകമേറ്റുനടന്നാൽ ലോകത്തിനു സൗഖ്യം വരും. ഈ സൗഖ്യമാക്കൽ നമ്മെ ദൗത്യത്തിലേക്ക് നയിക്കും. സൗഖ്യമാക്കുക എന്നാൽ സൗഖ്യത്തിന്റെ പങ്കാളിത്തത്തിലേക്ക് നയിക്കുക എന്നാണ്.

ഇന്ന് ഭാരതത്തിൽ ക്രിസ്തുവിന്റെ സുവിശേഷം പള്ളികളിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. വചനം ആരുടെയും കുത്തകയല്ല. അതിനാൽ അത് പങ്കുവയ്ക്കണം. നമ്മെ ഈ ദൗത്യത്തിനായി യേശു വിളിക്കുന്നു.

അദ്ധ്യക്ഷനിൽനിന്ന്:

**തോമസ് മാർ തിമോത്തിയോസ് തിരുമേനി**

സുവിശേഷം അറിയിക്കുന്നതിന് സന്നദ്ധതയുള്ള ഏവർക്കും അംഗങ്ങളാകാവുന്ന ഒരു സംഘടനയാണ് സന്നദ്ധ സുവിശേഷകസംഘം. സുവിശേഷം അറിയുകയും അറിയിക്കുകയും ചെയ്യുന്ന വ്യക്തിയാണ് സുവിശേഷകൻ (2 തിമോ 2:8). എല്ലാ മാർത്തോമ്മാക്കാരനും യേശുവിനെ അറിയണം; അറിയുന്ന സത്യം പങ്കുവയ്ക്കണം. ജീവിതം അതിന്റെ നിറവിൽ അനുഭവിക്കുവാൻ സാധിക്കുന്നത് യേശുവിലൂടെയാണ്. സമൃദ്ധമായ ജീവൻ. ഓരോ ഇടവകകളും ഓരോ മിഷൻ ഫീൽഡാണ്. സഭയുടെ ദൗത്യം നിർവ്വഹിക്കുവാനുള്ള സഭയുടെ ഉപകരണമാണ് സന്നദ്ധസുവിശേഷകസംഘത്തിന്റെ പ്രാദേശിക രൂപമായ ഇടവകമിഷൻ.

# ഇതാ ഞാൻ കർത്താവിന്റെ ദാസി...

**ലൂക്കോ 1:26–38,48**

## അഭിവന്ദ്യ ഗീവർഗീസ് മാർ അത്തനേഷ്യസ് തിരുമേനി

ഈ കാലഘട്ടം എങ്ങനെയുള്ളതാണ്? മനുഷ്യന്റെ ഫലങ്ങൾ മറ്റാരോ കൊത്തിവിഴുങ്ങുന്നു. ആഗോളവൽക്കരണത്തിന്റെ പരിണതഫലം ഇതാണ്. ആരാണ് വിജയിക്കുന്നത് ? ചെറുകിടക്കാർ കടുത്ത മത്സരത്തിന്റെയും അനീതിയുടെയും മധ്യത്തിൽ ഞെരിഞ്ഞമരുന്നു. ലോകം ഒരു കമ്പോളമായിരിക്കുന്നു. മനുഷ്യനാണ് അതിലെ ചരക്ക്. ഈ കാലഘട്ടത്തിൽ നമുക്കാവശ്യം ദർശനമാണ്. മനുഷ്യന്റെ ജീവിത പുതുക്കവും ആവശ്യമാണ് സമൃദ്ധിയായ ജീവൻ നൽകുന്നത് കർത്താവ് വന്നു. ഐക്യത്തിന്റെ പാതയിൽ ഒരുമിച്ച് ജീവിക്കാൻ കഴിയുന്ന സുന്ദര സാമൂഹ്യവസ്ഥയും ജീവിതത്തിന്റെ പുതുക്കവും ഒന്നിച്ചുചേരുന്നതാണ് ക്രിസ്തീയത.

ഏറ്റവും വലിയ വേഗതയുള്ള രംഗത്ത് ജീവിതഗതിയെ സ്ഥാപിക്കുക എന്നതാണ് ഇന്നിന്റെ പ്രമാണം. " Put your career in the fast track today" ഇതാണോ ജീവിതം? എന്തിന് ജീവിതം എന്ന് സ്വയം തിരിഞ്ഞുനോക്കാൻ അവസരമുണ്ടാകണം. ഒരുമിച്ച് ജീവിക്കുമ്പോൾ ഏകരായി മാറി നില്ക്കുവാൻ നമുക്ക് സാധിക്കണം. മാർട്ടിൻ ലൂഥർ പറഞ്ഞു "നമുക്ക് സഹോദരങ്ങളായി ഒന്നിച്ചു ജീവിക്കാം. അല്ലെങ്കിൽ വിഡ്ഢികളായി മരിക്കാം"

ഒരുമിച്ചു ജീവിക്കുന്നത് ഒരു കലയാണ്. വേഗതയിൽക്കൂടി യാത്ര ചെയ്യുന്ന മനുഷ്യനോട് യേശു പറയുന്നു. എന്നിൽ വിശ്രമിക്കുവാനും ആശ്രയിക്കുവാനും സമയം കണ്ടെത്തണം.

"എന്റെ ഹൃദയത്തിന്റെ സ്പന്ദനം തെറ്റുന്നു, മനസ്സിന്റെ താളം തെറ്റുന്നു. വിശ്രമം ആവശ്യമാണ്"

ഓടിപ്പോകുന്ന മനുഷ്യന്റെ ജീവിതത്തിൽ മറ്റൊരംശം നൽകുകയാണ് മതം ചെയ്യുന്നത്. യേശുവിനെ കൂടാതെ വേഗതയാർന്ന ജീവിതശൈലിയും അധ്വാനവും വൃഥാവാകുന്നു. ദൈവം സൃഷ്ടിച്ച നദിയിലേക്കും പ്രകൃതിയിലേക്കും നോക്കി മനസ്സിന് ശാന്തത കൈവരിക്കാൻ സാധിക്കും. ആമയുടെയും മുയലിന്റെയും കഥയിലെപോലെ വളരെ വേഗത്തിൽ ഓടുന്നതിന് മാത്രമുള്ളതല്ല ജീവിതം വളരെ ആഴത്തിൽ വേരുകളയക്കുന്ന ഓക്കുമരം പോലെ നമുക്കും ആഴത്തിൽ വേരൂന്നി ഉയരത്തിൽ നൂറും, അറുപതും, മുപ്പതും മേനി വിളവേകാൻ കഴിയണം.

*ഓടിപ്പോകുന്ന മനുഷ്യന്റെ ജീവിതത്തിൽ മറ്റൊരംശം നൽകുകയാണ് മതം ചെയ്യുന്നത്. യേശുവിനെ കൂടാതെ വേഗതയാർന്ന ജീവിതശൈലിയും അധ്വാനവും വൃഥാവാകുന്നു. ദൈവം സൃഷ്ടിച്ച നദിയിലേക്കും പ്രകൃതിയിലേക്കും നോക്കി മനസ്സിന് ശാന്തത കൈവരിക്കാൻ സാധിക്കും. ആമയുടെയും മുയലിന്റെയും കഥയിലെപോലെ വളരെ വേഗത്തിൽ ഓടുന്നതിന് മാത്രമുള്ളതല്ല ജീവിതം വളരെ ആഴത്തിൽ വേരുകളയക്കുന്ന ഓക്കുമരം പോലെ നമുക്കും ആഴത്തിൽ വേരൂന്നി ഉയരത്തിൽ നൂറും, അറുപതും, മുപ്പതും മേനി വിളവേകാൻ കഴിയണം.*

ജീവിതത്തിന് വേഗതമാത്രം പോരാ ഓടിയതും അദ്ധ്വാനിച്ചതും വൃഥാവാകാതിരിക്കുവാൻ ഒരു പുനക്രമീകരണവും പുനർ നിർമ്മാണവും ആവശ്യമാണ്. എന്റെ തകർന്ന ജീവിതത്തിന് യേശുവേ നീയൊരു പുതിയ ആരംഭം കുറിക്കേണമേ എന്ന് പ്രാർത്ഥിക്കാം.

നസ്രേത്തിലെ ഒരു കന്യകയുടെ അടുക്കലേക്ക് ഒരു ദൂതൻ എത്തുന്നു. ദൈവവചനമാണ് ലോകത്തെ സൃഷ്ടിച്ചതും പരിപാലിച്ചതും ഇന്നും പരിപാലിക്കുന്നതും. ആർച്ച് ബിഷപ്പ് വില്യം ടെമ്പിളിന്റെ അഭിപ്രായത്തിൽ

**"ദൈവവചനം ലോകത്തോട് ബന്ധിപ്പിക്കുന്നതാണ്. മനുഷ്യാ ഇന്നത്തെ ഇന്നും ഗാഢമായി ഇന്നും സ്വാധീനിക്കുന്ന ദൈവവചനം" കർത്താവാഗ്രഹിക്കുന്ന കർമ്മോത്സുകരായ മനുഷ്യരാകുവാൻ നമ്മെ സഹായിക്കുന്ന ദൈവവചനം"** എന്നാൽ ഈ കാലഘട്ടത്തിന്റെ വെളിച്ചവും ശബ്ദവും നമ്മെ ഭയപ്പെടുത്തുന്നതാണ്.

മറിയയോടുള്ള ദൈവത്തിന്റെ ദൂത് ഭയപ്പെടേണ്ട ദൈവം നിന്നോടുകൂടെയുണ്ടെന്നാണ്. വ്യക്തികളുടെ ദുഖം സമൂഹത്തിന്റെയും ദുഃഖമാണ്. അതുകൊണ്ട് വ്യക്തികളുടെ ദുഃഖത്തിൽ പങ്കുചേരുകയെന്നത് സമൂഹത്തിന്റെ കടമയാണ്. കന്യക മറിയം പറയുന്നു. സർവ്വശക്തൻ എങ്കൽ കടാക്ഷിച്ചിരിക്കുന്നു. സർവ്വശക്തൻ നമ്മിൽ കടാക്ഷിച്ചിരിക്കുന്നുവെന്ന സത്യം മനസ്സിലാക്കാൻ കഴിയുന്നതിലൂടെ എല്ലാ തിക്താനുഭവങ്ങളുടെയും മദ്ധ്യേ പിടിച്ചു നിൽക്കുവാൻ സാധിക്കും. തിക്താനുഭവത്തിനു നടുവിലും ഞാൻ യഹോവയിൽ ആശ്രയിക്കും എന്ന് പറയണം.

2000 വർഷങ്ങൾക്കുമുമ്പ് കർത്താവ് ഒരു മാളികമുറിയിൽ പടുത്തുയർത്തിയ സ്മാരകമാണ് വിശുദ്ധ കുർബ്ബാന. അതിലൂടെ ദൈവം ക്രിസ്തു മുഖാന്തരം ചെയ്തത് സ്മരിക്കുവാൻ നമുക്ക് കഴിയണം. ലോകത്തിന് ദൈവത്തെ യഥാർത്ഥമായി നൽകുവാൻ കഴിയണം. അതാണ് സഭയുടെ ദൗത്യം. (Making God real to the world) സൗഖ്യദായക ശുശ്രൂഷ ലോകത്തിന് നൽകുവാൻ സഭയ്ക്ക് കടപ്പാടുണ്ട്. ഇന്ന് വിവാഹമോചനങ്ങൾ വർദ്ധിക്കുന്നു. ജോസഫിനാൽ ഉപേക്ഷിക്കപ്പെട്ടേക്കാമായിരുന്ന മറിയ വിധവകളെ പ്രതിനിധീകരിക്കുന്നു. ഈജിപ്റ്റിലേക്ക് പലായനം ചെയ്യുന്ന മറിയ ഇന്ന് സ്വന്തം ദേശം നഷ്ടമാകുന്ന അഭയാർത്ഥികളുടെ പ്രതീകമാണ്. ചെറുപ്പത്തിൽ തന്നെ മകൻ നഷ്ടപ്പെട്ട ഒരു മാതാവിന്റെ ദുഃഖവും മറിയ പ്രതിനിധീകരിക്കുന്നു. അങ്ങനെ ഒറ്റപ്പെട്ടവർ ഏകാകികൾ, ബഹിഷ്കൃതർ എന്നിവരെ മറിയ പ്രതിനിധീകരിക്കുന്നു.

ആദ്യമാതാവായ ഹവ്വയിൽ നിന്നും വളരെ വ്യത്യസ്തയായ സ്ത്രീയാണ് മറിയ. കന്യാമറിയത്തിന്റെ വിനയം ഉദാത്തമാണ്. കന്യാമറിയത്തിന്റെ സമർപ്പണവും ശ്രേഷ്ഠമത്രേ. ജീവിതത്തിന്റെ എല്ലാ പ്രതിസന്ധികളുടെയും മദ്ധ്യത്തിൽ കന്യാമറിയത്തെപ്പോലെ നമ്മെ ദൈവകരങ്ങളിൽ ഏൽപിച്ചുകൊണ്ട് നമുക്ക് പ്രഖ്യാപിക്കാം.

" ഇതാ ഞാൻ കർത്താവിന്റെ ദാസി
ഇതാ ഞാൻ കർത്താവിന്റെ ദാസനും"

ശക്തനായവൻ വലിയ കാര്യങ്ങൾ എങ്കൽ പ്രവർത്തിച്ചിരിക്കുന്നു എന്ന് സ്വയം പറയുവാനും മറ്റുള്ളവരെ ഇങ്ങനെ സാക്ഷീകരിക്കുവാൻ നമ്മുടെ ജീവിതവും പ്രവർത്തനങ്ങളും കൊണ്ട് സാധ്യമാകുന്നതാണ് സുവിശേഷത്തിന്റെ അന്തഃസത്ത.

"ഈ ഭൂവിലെന്നെയും ഇത്രമേൽ സ്നേഹിപ്പാൻ,

ആരാണ് ഞാൻ ദൈവമേ....?"




SHILPI STUDIOS.COM

# BIBLE CROSS WORD PUZZLE

AS IN THE TODAY'S ENGLISH VERSION
(based on Exodus Chapters 1-40)

**Mrs. Suma Varghese (New York)**




**Across**

1. The Lord said to Moses, "________ all the first born males to me."
2. God asked the Israelites to celebrate the festival of _______ in autumn when they gathered their fruits from their orchard.
3. _______ your father and mother so that you may live a long time in the land that I am giving you."
4. "______ the sabbath and keep it holy."
5. Jethro advised Moses to choose some _______ men and appoint them as leaders of Israel.
6. The two stone tablets with the ten commandments engraved on it were kept in the covenant box, in the Tent of the Lords ________.
7. The food that the Lord had given to the Israelites to eat was called as ________.
8. Moses was afraid of the king of Egypt and he fled and went to live in the land of __________.

**Down**

9. "Do not use my name for ______ purposes, for I, the Lord your God, will punish anyone who misuses my name."
10. Moses said to the Israelites, "The Lord will fight for you, and all you have to do is to keep ________."
11. "Do not ________ false rumours."
12. Jethro praised the Lord and said, "Now I know that the Lord is greater than any other gods because he did this when the Egyptians treated the Israelites with _______".
13. Aaron took his stick and struck the surface of the river, and all the water in it was turned into ______.
14. Moses said to the Lord, "I am a poor ______, slow and hesitant."
15. When Moses went down from Mount Sinai, carrying the ten commandments, his face was shining because he had been _______ with the Lord, but he did not know it.
16. The king's daughter named the baby Moses because she had _______ him out of water.
17. The Egyptians put the slave drivers over the Israelites to _______ their spirits with hard labor.
18. Moses went up the Mount Sinai to meet with __________.

**Bible Cross-Word Puzzle Winners** (January 2002)

1. Anika Chacko
2. Annamma John
3. Christopher Chacko
4. Justin Mani

# BIBLE WORD SEARCH

## AS IN THE TODAY'S ENGLISH VERSION
## (based on Exodus Chapters 1-40)

**Mrs. Suma Varghese (New York)**

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| S | H | I | P | H | R | A | H | Z | G | E | R | S | H | O | M | O | E |
| A | B | C | F | D | F | E | P | F | I | G | H | M | I | J | K | M | L |
| N | A | O | P | O | O | Q | U | R | S | P | T | U | I | V | W | X | I |
| J | Y | M | Z | A | R | B | A | C | R | D | P | E | F | R | G | H | M |
| O | B | O | R | B | T | C | H | D | E | J | E | O | F | G | I | H | I |
| C | E | H | O | A | Y | J | S | K | P | L | O | M | R | N | O | A | P |
| H | Z | C | N | Q | M | R | I | S | H | T | U | S | V | A | W | X | M |
| E | A | L | Y | S | Y | Z | N | A | I | B | A | C | H | D | H | E | M |
| B | L | I | C | T | F | G | A | H | D | I | J | B | K | U | L | M | A |
| E | E | A | H | A | N | C | I | P | I | G | R | S | I | T | A | U | R |
| D | L | B | A | C | V | W | X | Y | M | Z | A | B | C | B | D | E | A |
| F | G | H | I | T | J | K | L | M | G | N | A | T | S | N | O | P | H |
| G | R | S | T | E | U | V | W | X | E | L | E | A | Z | A | R | Y | Z |
| E | L | I | S | H | E | B | A | B | C | D | I | T | H | A | M | A | R |
| J | E | T | H | R | O | E | S | H | U | R | F | G | J | E | T | H | P |

1. Moses married ___________.
2. The midwives who helped the Hebrew women were: _______ and _________.
3. The son of Moses was named ____________.
4. The angel of the Lord appeared to Moses as a flame from the bush at this mountain: Mount __________.
5. The parents of Moses were ________ and _________.
6. __________ was Aaron's wife.
7. ________ and ________ were Aaron's sons.
8. When Aaron struck the ground with his stick, all the dust of Egypt turned into _________.
9. Aaron's sister who sang the victory song was _________.
10. The water was found bitter at ________.
11. The Israelites camped at ________ where there were 12 springs of water and 70 palm trees.
12. The Amalekites attacked the Israelites at _________.
13. The Lord chose _______ and _______ to do artistic work.
14. The young man who led the Israelites and a successor of Moses was __________.
15. Moses stayed with the Lord for _____ days without eating or drinking anything.
16. The festival of Unleowened Bread was celebrated in the month of __________.
17. Father-in-law of Moses _________.
18. The desert where the people of Israel went after crossing the Red Sea __________.

**Bible Word Search Finders** (January 2002)

1. Ajin John
2. Anika Chacko
3. Annamma John
4. Christopher Chacko
5. Jeon George
6. Justin Mani
7. Mariamma Zachariah

**ATTENTION ALL CONTESTANTS!!!**

Please mail your answers to:

**Mrs. Suma Varghese, 103-10 104th Street, Ozone Park, NY 11417**

**DEADLINE FOR ANSWERS June 15, 2002**

# DIOCESAN/PARISH NEWS

## EPIPHANY MAR THOMA CHURCH, NEW YORK

"We are partners working together for God" (1 Cor. 3:9). We Christians are hailed as 'God's field and 'God's building'.

The Epiphany Mar Thoma Church is located in the Richmond Hill section of Queens County of the City of New York. In 1981, 63 families residing in New York City and Long Island started the worship service at this facility. The same facility was purchased in 1984. A new church building was constructed in the same campus in 1994. Today the worshiping community of the parish consists of about 250 families. The parish has enjoyed considerable growth in the 20 years of its existence. God almighty has immensely blessed the faithful both spiritually and materially. It is God who made the parish grow. We would like to acknowledge with gratitude the great leadership of the Mar Thoma Church, our Metropolitans, Bishops and the achens who served as vicars from time to time. With thankful heart we remember the lay leadership of the parish who immensely contributed for the growth of the parish.

The parish has always been conscious of its mission and ministry. On various occasions it responded to the needs of the community and the Diocese, and, in a broader sense helped the needy anywhere in the world. In the past the parish, in cooperation with American Red Cross, NCCA, and the Diocese, aided the disaster relief work in Honduras in South America and Orissa and Gujarat in India. As we entered into the new millennium the parish realized its increased responsibility and greater need for its involvement with the local community. Our existence in this land should benefit the community where we live. This insight helped us to start a number of outreach programs. As the Diocese of North America & Europe of the Mar Thoma Church is putting greater emphasis on Mission and Ministry oriented activities, we would be glad to highlight some of our own programs.

**Home for Homeless Project.** A few years back the parish took a decision that the offertory collected during the Parish Day Service will be exclusively used for giving financial support to needy families in India for building houses. So far we have helped more than 70 families through this project. For the last two years we were able to give $1000 to each recipient of this aid. In 2001 this aid was distributed in all Dioceses in Kerala. Not only members of the Mar Thoma Church, but others, including non-Christians, are also benefiting from this program.



*Home for homeless*

**Financial Assistance to Needy Students in India.** The parish collects a special offertory during the "New Academic Year Thanksgiving Service". The proceeds are used for financial support to needy students in India, especially those in college and in technical education. An average of 125 students receive financial help from this project every year. In 2001 the award was $60.00 per person.

**Support for Mission Fields in India.** Epiphany Yuvajan Sakhyam, Sevika Sanghom and Edavaka Mission jointly support mission fields in India. The parish has not yet adopted a specific mission field. The fund is distributed to the needy ones through the Sabha Office at Thiruvalla. In 2000 the parish donated 3000 chairs to MTEA for use at the Maramon Convention. Half of the proceeds from renting these chairs is earmarked for a mission field of our choice. We are yet to name the project. It was a new idea to help two causes through one project.

**Outreach Programs.** Epiphany Youth Fellowship takes very active role in developing rapport with the local community. Other church organizations lend wholehearted support in their efforts.

1. **Community Car Wash.** For the last two years a free car wash program was organized in the church. The local community is informed early through flyers and posters. While the customers wait for their car to be washed, they are served snacks and soft drinks. The volunteers use this opportunity to share the gospel with the guests and supply tracts and other materials for them to read. They effectively utilize this time to interact with the public.



*Car Wash*

2. **Helping Elderly with House Chores.** The youth fellowship members visit the local community and assist the elderly with snow removal, yard cleaning and other chores. They use this opportunity to invite the neighbors to parish activities.

3. **Open Air Meeting.** Once a year the Youth Fellowship arranges open air meeting on the church campus. Local community is invited for this event. Special band performs to entertain the gathering. Gospel truths are proclaimed through gospel songs, skits, testimonies and speeches. Food is served during the program. Visitors are given Christian literature, videos and CDs to carry home. What an effective way to spread the word of God!

